# ബാല കുസുമം


2020 ഒക്ടോബർ

വില 10 രൂപ


kusumammasika@gmail.com
www.facebook.com/balakusumam







## മുത്ത്നബിയുടെ പിറന്നാൾ

കഥകൾ / കവിതകൾ

ചരിത്രങ്ങൾ / പഠനങ്ങൾ

ഹിജ്റ – ക്വിസ്

## നബിദിനാഘോഷം പ്രൊജക്ട്

കൂട്ടുകാർക്ക് നബിദിനാശംസകൾ

ബാല കുസുമം

പുസ്തകം 8
ലക്കം 11
2020 ഒക്ടോബർ

# നബിദിനാഘോഷം ഒരു പ്രൊജക്ട്

മുത്ത് നബി സ്പെഷ്യൽ

ഇക്കൊല്ലം റബീഉൽഅവ്വലിലും മദ്രസയും സ്കൂളുമൊന്നും തുറക്കുമെന്നു തോന്നുന്നില്ല. കോവിഡ്-19 പടർന്നു കൊണ്ടിരിക്കുകയാണല്ലോ. മദ്രസ തുറക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ നബിദിനാഘോഷങ്ങൾ നടക്കും? മദ്റസ തുറന്നില്ലെങ്കിലും നബിദിനാഘോഷം നടത്തണമല്ലോ.

ഹാദിയും ഫിദയും ചേർന്ന് അതിനു നല്ലൊരു പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. അതെങ്ങനെയൊക്കെയാണെന്ന് നമുക്കു പരിശോധിക്കാം. നമുക്കും അത്തരമൊരു പ്രൊജക്ട് തയ്യാറാക്കി നബിദിനാഘോഷം ഗംഭീരമാക്കാമല്ലോ. പ്രൊജക്ടിലെ പ്രധാന കാര്യങ്ങൾ ശ്രദ്ധിക്കുക:

സമ്പർക്കത്തിലൂടെ കോവിഡ്-19 അതിവേഗം പകരുന്നതുകൊണ്ട് ജനങ്ങൾ ഒരുമിച്ച് കൂടുന്ന പരിപാടികളൊന്നും നടത്താൻ പാടില്ലല്ലോ. അപ്പോൾ നബിദിന യോഗങ്ങളും ഘോഷയാത്രകളും മൗലിദ് സദസ്സുകളുമൊന്നുമുണ്ടാവില്ല. അതുകൊണ്ട് നബിദിനാഘോഷം ഒഴിവാക്കാൻ പറ്റില്ലല്ലോ. മുത്ത് നബി(സ) ലോകത്തിന്നാകെ അ

നുഗ്രഹമാണ്. നബി(സ) പിറന്ന മാസമാണ് റബീഉൽ അവ്വൽ. അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ സന്തോഷിക്കലും അത് എടുത്തു പറഞ്ഞ് അല്ലാഹുവിനെ സ്തുതിക്കലും നന്ദി പ്രകടിപ്പിക്കലും വിശ്വാസികളുടെ കടമയാണ്. ഏതവസ്ഥയിലും അതൊഴിവാക്കാനാവില്ല.

മുത്ത്നബി(സ)യെ നാം സ്നേഹിക്കുന്നു. എല്ലാറ്റിനെക്കാളും സ്നേഹം മുത്ത് നബി(സ)യോടുണ്ടാവണം. നബി(സ) പിറന്ന മാസത്തിൽ നാം ആ സ്നേഹം പ്രകടമാക്കണം. നബി(സ)യുടെ കഥകൾ പറഞ്ഞുകൊണ്ട്, സ്വലാത്തുകൾ വർധിപ്പിച്ചുകൊണ്ട്, നബി(സ)യെക്കുറിച്ചുള്ള മദ്ഹ് ഗാനങ്ങൾ പാടിക്കൊണ്ട്, ദാനധർമ്മങ്ങൾ ചെയ്തുകൊണ്ട്, നബി(സ)യുടെ സുന്നത്തുകൾ ജീവിതത്തിൽ പകർത്തിക്കൊണ്ട്...

അതിന്റെ ഭാഗമായി റബീഉൽ അവ്വൽ ഒന്നു മു


**BALA KUSUMAM**

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  **പി. കുഞ്ഞഹമ്മദ്**
- ചീഫ് എഡിറ്റർ
  **മുഹമ്മദ് പാറന്നൂർ**
- എക്സിക്യൂട്ടീവ് എഡിറ്റർ
  **സി.പി ശഫീഖ് ബുഖാരി**
- എഡിറ്റർ
  **മുഹമ്മദ് ഇഖ്ബാൽ**
- ജനറൽ മാനേജർ
  **എ. മൊയ്തീൻ മടവൂർ**
- സർക്കുലേഷൻ
  **ശരീഫ് സഖാഫി എടയൂർ**
- ഇല്ലസ്ട്രേഷൻസ്
  **ശ്യാംദാസ്**
- ഡിസൈൻ & ലേ-ഔട്ട്
  **അൻവർ സ്വാദിഖ് ബുഖാരി**




തൽ പന്ത്രണ്ട് വരെ എല്ലാ ദിവസവും രാത്രി വീട്ടിൽ വെച്ച് നബിയെക്കുറിച്ചുള്ള ഒരു കഥ പറയണം. ഒരു ദിവസം ഹാദിയാണ് കഥ പറയുന്നതെങ്കിൽ അടുത്ത ദിവസം ഫിദ. കഥ പുസ്തകങ്ങൾ വായിച്ചോ ഉമ്മയോടോ ഉപ്പയോടോ ഉസ്താദിനോടോ മറ്റോ ചോദിച്ചോ പഠിച്ചിരിക്കണം. കഥാസദസ്സിൽ ഉമ്മയും ഉപ്പയും താത്തയും ഇക്കാക്കയും ഉണ്ടായിരിക്കണം. കഥ പറഞ്ഞ് കഴിഞ്ഞാൽ അതിലെ പാഠങ്ങൾ ചർച്ച ചെയ്യണം. സദസ്സിലെ മറ്റുള്ളവർക്കും കഥ പറയാൻ അവസരം കൊടുക്കാവുന്നതാണ്.



കഥ പറയുന്നതിന്ന് മുമ്പോ ശേഷമോ മൗലിദ് ഓതണം. ഉപ്പയോ ഉമ്മയോ അതിന് നേതൃത്വം നൽകേണ്ടതാണ്. മൗലിദിൽ പങ്കെടുത്ത് ഹാദിയും ഫിദയും ബൈത്തുകൾ നീട്ടി ച്ചൊല്ലണം. പരിപാടി കഴിഞ്ഞാൽ ചെറിയ തോതിൽ എന്തെങ്കിലും മധുരം വിതരണം ചെയ്യണം. അതിനു വേണ്ടി നേരത്തെ തന്നെ ഉമ്മയുമായി ചർച്ച ചെയ്ത് ഒരുക്കങ്ങൾ നടത്തേണ്ടതാണ്. മുത്ത് നബിയുടെ പിറന്നാൾ ആഘോഷമാണല്ലോ. ആഘോഷത്തിൽ സന്തോഷം ഉണ്ടാവണമല്ലോ.

ഇക്കൊല്ലത്തെ റബീഉൽ അവ്വൽ മാസത്തിലെ ഓരോ ദിവസവും മുത്ത് നബി (സ) പഠിപ്പിച്ച ഓരോ സുന്നത്ത് ജീവിതത്തിൽ പതിവാക്കാമെന്ന് പ്രതിജ്ഞ ചെയ്യുകയും അത് പ്രവർത്തിക്കുകയും വേണം. പതിവായി ചെയ്യുന്നതാണെങ്കിലും ഇനി ഒരിക്കലും അത് ഒഴിവാക്കില്ലെന്നുറപ്പിക്കണം.

ഉദാഹരണം : 1. എല്ലാ നല്ല കാര്യങ്ങളുടേയും തുടക്കത്തിൽ ബിസ്മി ചൊല്ലൽ. ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോൾ ബിസ്മി മറക്കാറില്ലെങ്കിലും മറ്റു പലപ്പോഴും അതു മറന്നുപോകാറുണ്ടല്ലോ. അതുപോലെ നമ്മുടെ നിത്യ ജീവിതത്തിൽ പതിവാക്കേണ്ട പല സുന്നത്തുകളും ഓരോന്നായി പ്രവർത്തിച്ച് തുടങ്ങണം.

2. വലിയവരെ ആദരിക്കലും ചെറിയവരോട് കാരുണ്യത്തോടെ പെരുമാറലും!



3. മറ്റു ജീവികളോടു കരുണ കാണിക്കൽ, അവയെ ഉപദ്രവിക്കാതിരിക്കൽ, കഴിയും വിധം അവയ്ക്കു സംരക്ഷണമൊരുക്കൽ!

4. കൂട്ടുകാരോടു സ്നേഹത്തോടെ പെരുമാറൽ, അവരെ കഴിയും വിധം സഹായിക്കൽ!

5. അയൽവാസികളുമായി നല്ല ബന്ധം സ്ഥാപിക്കൽ!

6. ആരെയും പരിഹസിക്കുകയോ ആക്ഷേപിക്കുകയോ ചീത്ത പറയുകയോ ചെയ്യാതിരിക്കൽ!

7. ശരീരവും വസ്ത്രവും നാം പെരുമാറുന്ന സ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കൽ!

8. വീട്ടിൽ മാതാപിതാക്കളെ കഴിയുന്ന വിധം സഹായിക്കൽ!

9. അറിവിനോടിഷ്ടം കൂടൽ, അറിവുള്ളവരെയും അദ്ധ്യാപകരെയും ബഹുമാനിക്കൽ!

10. മറ്റുള്ളവരെ പുഞ്ചിരിയോടെ എതിരേൽക്കൽ, കറുത്ത മുഖം കാണിക്കാതിരിക്കൽ!

11. വഞ്ചനയും കളവും പ്രവർത്തിക്കാതിരിക്കുക. മാത്രമല്ല, മനസ്സിൽ നിന്ന് അത്തരം വിചാരം പോലും നീക്കം ചെയ്യൽ!

12. ജീവിതത്തിൽ എല്ലാ കാര്യങ്ങളിലും കൃത്യനിഷ്ഠ പാലിക്കൽ. നിസ്കാരത്തിൽ മാത്രമല്ല, ഉറങ്ങുന്നതിലും ഉണരുന്നതിലുമെല്ലാം കൃത്യനിഷ്ഠ വേണം!

13. ഓരോ ദിവസവും മുത്ത് നബി(സ)യുടെ പേരിൽ പത്ത് സ്വലാത്തെങ്കിലും ചൊല്ലൽ!

14. കുടുംബ ബന്ധങ്ങൾ ഊ




# പൊന്നൊളി


പുണ്യ റബീഇൻ അമ്പിളി വാനിൽ
പുഞ്ചിരി തൂകി നിൽക്കുന്നു
അഹ്ലാദത്താൽ അമ്പരമുറ്റം
നക്ഷത്രത്താൽ നിറയുന്നു
പുണ്യ നബിയുടെ പിറവി ദിനത്തിൽ
മദ്ഹിൻ അലയൊലി ഉയരുന്നു
പുണ്യ മദീനത്തെത്താൻ ഉള്ളിൽ
പൂതി നിറഞ്ഞൊളി മിന്നുന്നു

**സ്വബാഹ് വിളയിൽ**

ട്ടിയുറപ്പിക്കാൻ കുടുംബാംഗങ്ങളെ സന്ദർശിക്കൽ. അവരുടെ വർത്തമാനങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കൽ!

15. കഷ്ടപ്പെടുന്നവരെ സഹായിക്കൽ, രോഗികളെ സന്ദർശിക്കൽ!

ഇനിയും പലതുമുണ്ട് ഹാദിയും ഫിദയും തയ്യാറാക്കിയ പ്രൊജക്ടിൽ. കൂട്ടുകാർ ആലോചിച്ചു നോക്കൂ; ഇനിയെന്തെല്ലാം നിങ്ങൾക്ക് ചെയ്യാൻ കഴിയും? മുത്ത് നബി(സ) യുടെ ചര്യകളാണിതെല്ലാം. എന്റെ ചര്യകൾ പ്രവർത്തിക്കുന്നവർ എന്നെ ഇഷ്ടപ്പെട്ടവരായിരിക്കുമെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ട്. ഇക്കൊല്ലത്തെ നബിദിനാഘോഷം വലിയൊരു നേട്ടമായി മാറ്റാൻ കൂട്ടുകാർക്കു കഴിയട്ടെ. ആശംസകൾ!


സഫർ
ഒരു ഫ്രൂട്ട്സ് കടയിൽ
എന്താ സുലൈമാനിക്കാ പരിപാടി?
ങേ, നീയോ? ഇതൊക്കെ ചില പൊടിക്കൈകളാണെടോ.
എന്തു പൊടിക്കൈകൾ? ഇതെന്താണു നിങ്ങളീ പഴങ്ങളിൽ വിതറുന്നത്?
പതുക്കെ പറയെടാ. ഇവയൊക്കെ വേഗം പഴുത്ത് നല്ല നിറമുണ്ടാകാനും കേടു വരാതിരിക്കാനും ചേർക്കുന്ന മരുന്നാണിത്.
പടച്ചോനെ, ഇതൊക്കെ മാരക വിഷങ്ങളാണല്ലോ.
ആ സാരല്ലെടാ, ഞമ്മള് തിന്നാതിരുന്നാൽ പോരേ!
അപ്പോ മറ്റുള്ളവരെ വിഷം തീറ്റിക്കാമെന്നോ?
മോനേ, ഇതൊക്കെ എല്ലാരും ചെയ്യ്ണതാണെടോ. ഇങ്ങനെയൊന്നും ചെയ്തില്ലെങ്കിൽ കച്ചോടം നഷ്ടമായിരിക്കും.


എന്റെ സുലൈമാനിക്കാ, ഒരു മുസ്‌ലിമായിട്ടും നിങ്ങളിങ്ങനെ പറയുന്നോ?
അതിനെന്താ കുഴപ്പം?
ഇതൊക്കെ കടുത്ത വഞ്ചനയല്ലേ? അല്ലാഹുവും റസൂലും വെറുക്കുന്ന കാര്യമല്ലേ വഞ്ചന?
നേരിട്ട് ഞാനാരെയും വഞ്ചിക്കുന്നില്ലല്ലോ?
ഇതൊക്കെ നേരിട്ടുള്ള വഞ്ചന തന്നെയാണ്. കഠിനമായ പാപമാണ്.
ങേ....!
അതെ ഇക്കാ, വഞ്ചന തന്നെയാണ്. വഞ്ചകർക്ക് സ്വർഗത്തിൽ പ്രവേശിക്കാനാവില്ല. വഞ്ചകർ പരലോകത്ത് താൻ വഞ്ചകാനാണെന്നറിയിക്കുന്ന കൊടിയും പിടിച്ചാണ് വരുക എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.
നേരോ?
അതെ, ഇവിടെ നിങ്ങളുടെ വഞ്ചന ആരും അറിഞ്ഞിട്ടില്ലെങ്കിലും പരലോകത്ത് അത് പരസ്യമാകും. നരകത്തിലേക്ക് വലിച്ചെറിയപ്പെടുകയും ചെയ്യും.
ങേ!

കുഞ്ഞുമോൻ/ അബൂതസ്നീം

മുത്ത്നബി സ്പെഷ്യൽ

# മുത്ത്നബിയുടെ കുഞ്ഞിനാസ്

ഉച്ചവരെ നല്ല വെയിലായിരുന്നു. പെട്ടെന്നാണ് ഇടിയും മഴയും വന്നത്. ആകാശം പൊട്ടിപ്പിളരുന്ന മട്ടിലുള്ള മിന്നലും ഇടിയും. കുഞ്ഞ്യോൾ പേടിച്ചു കരയാൻ തുടങ്ങി. കുഞ്ഞ്യോനുമുണ്ട് ചെറിയ പേടി. ഭൂമികുലുങ്ങും വിധത്തിലുള്ള ഇടിയല്ലേ; എങ്ങനെ പേടിക്കാതിരിക്കും! അവനും കുഞ്ഞ്യോൾക്കൊപ്പം ഉമ്മയുടെ കൂടെക്കൂടി.

മഴ പരപരാന്നു കോരിച്ചൊരിയുകയാണ്. വരാന്തയിലേക്കു പോകാൻ പോലും വയ്യ. "ഇതെന്താ മ്മാ ഇങ്ങനെ മഴ? നല്ല വെയിലായിരുന്നല്ലോ ഇതുവരെ?" അവൻ ഉമ്മയോട് ചോദിച്ചു. "മോനേ, തുലാവർഷം ഇങ്ങനെയാണ്. ഉച്ച കഴിയുമ്പോഴാണ് മഴ വരുക."

അത് ശരിയാണല്ലോ. രാവിലെ നല്ല വെയിലായിരിക്കും. അതുകണ്ട് കുടയെടുക്കാതെ സ്കൂളിൽ പോകും. സ്കൂൾ വിടുമ്പോൾ മഴയോടു മഴ. കഴിഞ്ഞ കൊല്ലം അങ്ങനെ ചില ദിവസങ്ങളിൽ പെട്ടുപോയിട്ടുണ്ടല്ലോ.

കുഞ്ഞുമോൻ ഇങ്ങനെ ഓരോന്നാലോചിച്ചു കിടക്കുമ്പോഴാണ് കുഞ്ഞ്യോൾ പറയുന്നത് കേട്ടത്: "ഉമ്മാ, കഥ പറയ്."

ഉമ്മ വെറുതെയിരിക്കുമ്പോഴെല്ലാം കുഞ്ഞ്യോൾക്ക് കഥ കേൾക്കണം. കഥ പറയാൻ ഉമ്മയെ കിട്ടിയില്ലെങ്കിൽ അവൾ കുഞ്ഞ്യോന്റെ പിറകെക്കൂടും;

കഥ പറഞ്ഞുകൊടുക്കാൻ. ഇപ്പോൾ ഉമ്മയും വെറുതെയിരിക്കുകയാണല്ലോ. ഉമ്മ കഥ പറയാനൊരുങ്ങിയപ്പോൾ കുഞ്ഞ്യാൻ മെല്ലെ ഉമ്മയുടെ അടുത്തേക്കു നീങ്ങി. തനിക്കും കഥ കേൾക്കാമല്ലോ.

“എന്തു കഥയാണിപ്പോൾ പറയേണ്ടത്?” ഉമ്മ ചോദിച്ചു.

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു: “മുത്തുനബിന്റെ കഥ പറയുമ്മാ, മുത്ത്നബീന്റെ കഥ തന്നെ മതി. മുത്ത്നബീന്റെ മാസം വരികാണെന്നു ഉമ്മ ഇന്നലെ പറഞ്ഞിർന്നല്ലോ.” കുഞ്ഞുമോനും പറഞ്ഞു.

ഉമ്മ കഥ പറയാനൊരുങ്ങി. കഥ പറയാൻ തുടങ്ങുന്നതിന് മുമ്പ് ഉമ്മ കുറച്ചുനേരം മിണ്ടാതിരിക്കും. കഥ ആലോചിക്കുകയായിരിക്കും. കുഞ്ഞുമോനും കുഞ്ഞുമോളും ഉമ്മയുടെ മുഖത്തേക്ക് തന്നെ നോക്കിയിരുന്നു. കഥയിപ്പോൾ പറഞ്ഞു തുടങ്ങുമല്ലോ.

“മക്കളേ, ഇന്ന് മുത്ത്നബീന്റെ കുഞ്ഞുകൂട്ടുകാരനായ അനസിന്റെ കഥ പറയാം.”

“ഉമ്മാ, മുത്ത്നബീന്റെ മോനാണോ അനസ്?” കുഞ്ഞുമോൻ ഇടക്ക് കയറി ചോദിച്ചു.

“അല്ലെടോ. മുത്ത്നബീ



ന്റെ മക്കളെക്കുറിച്ചൊക്കെ ഞാൻ മുമ്പ് പറഞ്ഞു തന്ന തല്ലേ. അനസ് മുത്ത് നബീ ന്റെ മോനല്ല. പിന്നെ, മുത്ത് നബീന്റെ കൂടെ വിടാതെ പ ത്തു കൊല്ലത്തോളം നടന്ന കുട്ടിയാ."

"അപ്പോ അനസിന് ഉമ്മ യും ഉപ്പയുമൊന്നുമുണ്ടായി രുന്നില്ലേ?"

"മദീനായിലെ ഉമ്മു സു ലൈമിന്റെയും മാലികിന്റെ യും കുഞ്ഞുമോനാണ് അന സ്. മക്കയിൽ നിന്നു മുത്ത് നബി മദീനയിലേക്ക് വരുന്നു എന്ന് കേട്ടപ്പോൾ അനസിനും ആവേശമായി. അന്നവന് ഒമ്പ ത് വയസ്സ് കഴിഞ്ഞിട്ടേയുണ്ടാ യിരുന്നുള്ളൂ. നബി വരുന്ന കാ ഴ്ച്ച കാണാൻ അനസും അ ങ്ങാടിയിലേക്കോടി. ജനങ്ങളെ ല്ലാവരും ഒത്തുകൂടി മുത്ത്നബി യെ

*'ത്വലഅൽ ബദ്റൂ*
*അലൈനാ*
*മിൻ സനിയ്യാത്തിൽ*
*വദാഈ.....'* എന്ന പാട്ടുപാ ടി സ്വീകരിച്ചു കൊണ്ടുവരുന്ന ത് അനസ് കണ്ടു. ആവേശ ത്തോടെ അനസും അക്കൂട്ട ത്തിൽ ചേർന്നു ഉറക്കെപ്പാടി. വീട്ടിൽ വന്ന് ഉമ്മയോടു വർ ത്തമാനങ്ങളെല്ലാം പറഞ്ഞു. അതുകേട്ട് ഉമ്മക്കും വലിയ സ



ന്തോഷമായി.

അനസിനു മുത്ത്നബിയെ കണ്ടപ്പോൾ വല്ലാത്ത ഇഷ്ടമായി. എപ്പോഴും മുത്ത്നബിയോടൊപ്പം തന്നെ കഴിയണമെന്നായി മോഹം. അവൻ ഉമ്മയോട് പറഞ്ഞു: "ഉമ്മാ, മുത്ത്നബിയെ കാണാനെന്തു ചന്തമാണെന്നോ? നല്ല, വളരെ നല്ല ഒരാൾ. അമ്പിളിമാമനെപ്പോലെ തിളങ്ങുന്ന മുഖമാണ് മുത്ത്നബിക്ക്. ആളുകളെല്ലാം മുത്ത്നബിയുടെ മുമ്പിൽ ചെന്ന് കൈപിടിക്കുകയും വീട്ടിലേക്കു ക്ഷണിക്കുകയും ചെയ്യുന്നുണ്ടുമ്മാ. അവരെല്ലാം അശ്ഹദു.... ചൊല്ലി നബിയോടൊപ്പം ചേരുന്നുമുണ്ട്. നമുക്കും ചേരാം."

അനസിന്റെ ഉമ്മ ഉമ്മുസുലൈമിന്റെയും ആഗ്രഹം അതു തന്നെയായിരുന്നു. പക്ഷേ അനസിന്റെ ഉപ്പ സമ്മതിച്ചില്ല. എത്ര പറഞ്ഞിട്ടും അയാൾ ഇസ്ലാം സ്വീകരിക്കാൻ തയ്യാറാവാതിരുന്നപ്പോൾ അനസും ഉമ്മയും അയാളുടെ അനുവാദമില്ലാതെ തന്നെ മുസ്‌ലിംകളായി.

അനസിനെപ്പോഴും മുത്ത്നബിയുടെ വർത്തമാനം തന്നെ. ഇടക്കിടെ മുത്തുനബിയെ കാണാൻ പോകും. എത്രയോ നേരം നബിയെ കണ്ടുകൊണ്ടിരിക്കും. കണ്ടാലും കണ്ടാലും മതിവരില്ല. പൊന്നുമോന്റെ ആഗ്രഹം മനസ്സിലാക്കിയ ഉമ്മ ഒരു ദിവസം മകനെയും കൂട്ടി മുത്ത്നബിയുടെ അടുത്തു ചെന്ന് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, അങ്ങയ്ക്കു ഞാനൊരു സമ്മാനം തരാം. ഇതാ, എന്റെ പൊന്നുമോൻ അനസ്. ഇവനാണെന്റെ സമ്മാനം. അങ്ങേയ്ക്കു സേവനം ചെയ്യാൻ ഞാനെന്റെ പൊന്നുമോനെ വിട്ടുതരുന്നു."

അതുകേട്ടു മുത്ത്നബിക്കു വളരെ സന്തോഷമായി. നബി അനസിനെ വാരിപ്പുണർന്നു സ്വീകരിച്ചു. നബിക്ക് കുട്ടികളോട് വലിയ ഇഷ്ടമായിരുന്നല്ലോ.

അനസിനും സന്തോഷത്തിനുമേൽ സന്തോഷം. ഇനിയെപ്പോഴും തനിക്ക് മുത്ത്നബിയെ കണ്ടുകൊണ്ടിരിക്കാം, നബിയോടൊപ്പം കഴിയാം.

സ്വന്തം മകനെപ്പോലെയാണ് അന്നുമുതൽ മുത്ത്നബി (സ) അനസിനെ കണ്ടത്. ഒരു സേവകനായി പണിയെടുപ്പിക്കാനൊന്നും നബി(സ) തയ്യാറായില്ല. വാത്സല്യം ചൊ

രിഞ്ഞ്, നല്ല ഉപദേശങ്ങൾ നൽകി വളർത്തുകയായിരുന്നു. 'കുഞ്ഞുമോനേ' എന്നായിരുന്നു അധികവും നബി(സ) അനസിനെ വിളിക്കാറ്. ചിലപ്പോൾ 'ഉനൈസേ' എന്നും വിളിക്കും. 'കുഞ്ഞനസേ' എന്നർത്ഥം.

അധികസമയവും അനസ് മുത്ത്നബി(സ)യോടൊപ്പം തന്നെയായിരുന്നു. നബി(സ) പോകുന്നിടത്തെല്ലാം കൂടെപ്പോകും. നബി(സ) പറയുന്നതെല്ലാം ശ്രദ്ധിച്ചുകേട്ട് മനസ്സിൽ പകർത്തും. നബി(സ) ചെയ്യുന്നതെല്ലാം കണ്ടുമനസ്സിലാക്കും. അങ്ങനെയങ്ങനെ അനസ് ധാരാളം അറിവുള്ള പണ്ഡിതനായി; ഒരു കുഞ്ഞു പണ്ഡിതൻ!

"സേവകനായിട്ട് അനസ് (റ) പണിയൊന്നുമെടുത്തിരുന്നില്ലേ?" കുഞ്ഞുമോന് സംശയം. "എന്തു പണിയെടുക്കാൻ? ഭാരിച്ച പണിയൊന്നും മുത്ത്നബി(സ) ആ കുഞ്ഞുമോനെക്കൊണ്ട് എടുപ്പിക്കുകയില്ലല്ലോ. എന്നാലും വെറുതെയിരിക്കാൻ മിടുക്കനായ അനസ്(റ) തയ്യാറായിരുന്നില്ല. മുത്ത്നബി(സ) പുറത്തിറങ്ങുമ്പോൾ ചെരിപ്പെടുത്ത് കൊടുക്കും, അതിന്റെ കെട്ടഴിച്ചുകൊടുക്കും. വുളൂഅ് ചെയ്യാൻ വെള്ളമെടുത്ത് കൊടുക്കും... ഇങ്ങനെ ചില നിസ്സാര ജോലികൾ മാത്രമേ ചെയ്യാനുണ്ടായിരുന്നുള്ളൂ. അതും ചെയ്തില്ലെങ്കിൽ "എന്തുകൊണ്ട് ചെയ്തില്ല" എന്നൊന്നും മുത്ത്നബി ചോദിക്കാറുണ്ടായിരുന്നില്ല.

മുത്ത്നബി(സ) ഒരിക്കലും തന്നോട് ദേഷ്യപ്പെട്ടിരുന്നില്ലെന്നും കർശനമായി ശാസിച്ചിരുന്നില്ലെന്നും അനസ്(റ) പറയാറുണ്ടായിരുന്നു. കൽപ്പിച്ച കാര്യം ചെയ്തില്ലെങ്കിൽപോലും കുറ്റപ്പെടുത്തിയിരുന്നില്ലെന്നും പറഞ്ഞിട്ടുണ്ട്.

ഒരുദിവസം മുത്ത്നബി(സ) അനസിനെ അങ്ങാടിയിലേക്കയച്ചു; എന്തോ ഒരു കാര്യം നിർവഹിക്കാൻ. അങ്ങാടിയിലേക്ക് ഓടിപ്പോകുമ്പോഴാണ് വഴിയരികിലെ മൈതാനത്ത് കുട്ടികൾ കളിക്കുന്നത് കണ്ടത്. കുട്ടിയാണല്ലോ അനസും. ആ കാഴ്ച കണ്ട്, കളിയിൽ ലയിച്ച് അവിടെ നിന്നുപോയി അനസ്. സമയം പോയതറിഞ്ഞില്ല. മുത്ത് നബി(സ) തന്നെ പറഞ്ഞയച്ച കാര്യം പോലും മറന്നുപോയി.

അങ്ങനെ ലയിച്ചു നിൽക്കു

മ്പോഴാണ് പിന്നിൽ നിന്ന് തന്റെ ഉടുപ്പിൽ ആരോ മെല്ലെ പിടിച്ചുവലിക്കുന്നതായി തോന്നിയത്. തിരിഞ്ഞുനോക്കിയ അനസ് (റ) ഞെട്ടിപ്പോയി. മുത്ത് റസൂൽ (സ) തന്നെ കാണാതായപ്പോൾ അന്വേഷിച്ചു വന്നതാണ്. അവിടുന്ന് ദേഷ്യപ്പെട്ടിട്ടുണ്ടോ? തന്നെ അടിക്കുമോ?

പേടിയോടെ അനസ് നബിയുടെ മുഖത്തേക്ക് നോക്കി. നബി അവന്റെ മുഖത്ത് നോക്കി പുഞ്ചിരിക്കുകയായിരുന്നു. "ഞാൻ പറഞ്ഞയച്ച കാര്യം മറന്ന് പോയോ" എന്ന് ചോദിക്കുക മാത്രമേ ചെയ്തുള്ളൂ. "ഞാനിപ്പോ വരാം"എന്ന് പറഞ്ഞ് അനസ്(റ) അങ്ങാടിയിലേക്കൊരോട്ടം. അൽപ്പനേരത്തിനുള്ളിൽ മുത്ത്നബി ഏൽപ്പിച്ച കാര്യം നിറവേറ്റി തിരിച്ചു വന്നു.

"ഒരടി കൊള്ളേണ്ടതായിരുന്നില്ലേ ഉമ്മാ അനസിന്?"

"അതേ, എത്രയോ നേരം കാത്തിരുന്നിട്ടും കാണാതായപ്പോഴല്ലേ നബി(സ) അനസിനെ അന്വേഷിച്ചിറങ്ങിയത്. എന്നിട്ടും നബി ഒട്ടും ദേഷ്യപ്പെട്ടില്ല. അതാണ് നമ്മുടെ മുത്ത് നബിയുടെ സ്വഭാവം; പട്ടുപോലുള്ള സ്വഭാവം! മുത്ത് നബി(സ)യുടെ കൈകൾ പട്ടിനേക്കാൾ മൃദുലമായിരുന്നു എന്ന് അനസ്(റ) പറഞ്ഞിട്ടുണ്ട്. പട്ടിനെക്കാൾ മൃദുലമായിരുന്നു നബിയുടെ സ്വഭാവവും.

മുത്ത് നബി(സ) അനസ്(റ)വിന് വേണ്ടി ദുആ ചെയ്തു. നല്ല നല്ല ഉപദേശങ്ങൾ നൽകി. നല്ല മാതൃക കാണിച്ചു കൊടുത്തു. അങ്ങനെ അനസ്(റ) നല്ലവരിൽ നല്ലവനായി. നല്ല പണ്ഡിതനായി. ശ്രേഷ്ഠ സ്വഹാബിയായി. നബിയുടെ പ്രാർത്ഥന കാരണം നല്ല പണക്കാരനായി. ധാരാളം മക്കളുണ്ടായി. നൂറു വർഷത്തോളം ആയുസ്സും ലഭിച്ചു. എല്ലാം മുത്ത്നബിയിലൂടെ കിട്ടിയ അനുഗ്രഹം തന്നെ!"

"ഉമ്മാ, ഞാനും അനസിനെപ്പോലെയായിരുന്നെങ്കിൽ....!"

"നല്ല മോഹം തന്നെയാണ് കുഞ്ഞ്യോനേ..... മുത്ത് നബിയെക്കുറിച്ച് നന്നായി പഠിച്ച്, നബിയെ ഇഷ്ടപ്പെട്ടാല്, നബി പഠിപ്പിച്ച നല്ല സ്വഭാവം ശീലിച്ചാല്, മോനും നല്ല ആളാവാം, നബിയുടെ ഇഷ്ടക്കാരനാവാം... പടച്ചോൻ സഹായിക്കട്ടെ."

# ഉപകാരമില്ലാത്ത അനുഗ്രഹങ്ങൾ

“നിങ്ങൾ ആരൊക്കെ ഗൾഫിൽ പോയിട്ടുണ്ട്?” ഇംഗ്ലീഷ് പിരിയഡിൽ ശാരികടീച്ചർക്ക് പകരം ക്ലാസ്സിൽ കയറിയ അലിമാഷ് ഹാജറെടുത്ത ശേഷം കുട്ടികളോടായി ചോദിച്ചു.

“ഞാൻ പോയിട്ടുണ്ട്, ഞാൻ പോയിട്ടുണ്ട്...” ബിലാലും ഹസീബും മെഹ്റിനും ചാടിയെഴുന്നേറ്റ് പറഞ്ഞു. എല്ലാവരും അവരെ നോക്കി.

“അവിടെ മരുഭൂമിയിൽ യാത്ര ചെയ്തിട്ടുണ്ടോ?” അലി മാഷ് വീണ്ടും ചോദിച്ചു.

“ഉവ്വ് സാർ, ഞാൻ ഉപ്പയോടൊപ്പം ഒട്ടകപ്പുറത്ത് കയറി യാത്ര ചെയ്തിട്ടുണ്ട്.” ബിലാൽ പറഞ്ഞു. അവൻ ഗൾഫിൽ ജനിച്ചതാണ്. ഈയടുത്താണ് നാട്ടിൽ വന്ന് സ്കൂളിൽ ചേർന്നത്.

“ആ അത് നന്നായി... ഒട്ടകത്തെപ്പറ്റി ബിലാലിന് അറിയുന്ന കാര്യങ്ങൾ പറയൂ.” മാഷ് അവനെ മേശയ്ക്കരികിലേക്ക് വിളിച്ച് പറഞ്ഞു.

ബിലാലിന് ആവേശമായി.

“ഒട്ടകത്തിന് നല്ല ഉയരമുണ്ട് അതിന്റെ കഴുത്ത് നീണ്ടതാണ്...” അവൻ ഒന്ന് നിർത്തി. “മുതുകിലൊരു മുഴയുണ്ട്....” ബിലാൽ പറയുന്നതിനിടയിൽ ഇടക്കു കയറി ഹഫീസ് എഴുന്നേറ്റ് ഉറക്കെ പറഞ്ഞു...

“അപ്പോ നീ എവിടെ നിന്നാണ് ഒട്ടകത്തെ കണ്ടത്?” അലിമാഷ് ഹഫീസിനോട് ചോദിച്ചു.

“ഞാൻ കാഴ്ചബംഗ്ലാവിൽ പോയപ്പോൾ കണ്ടിട്ടുണ്ട്.” ഹാഫിസ് പറഞ്ഞു.

“ഉം... നിങ്ങളെല്ലാരും ചിത്രത്തിലെങ്കിലും ഒട്ടകത്തെ കണ്ടി



ട്ടില്ലേ?" മാഷ് ചോദിച്ചു... "യെസ് സാർ." എല്ലാരും ഒന്നിച്ചു പറഞ്ഞു.

"അതിന്റെ കൺപീലികൾ നീണ്ടതാണ്, അതിന്റെ മൂക്ക് അടക്കാനും തുറക്കാനും പറ്റിയ രീതിയിലാണ്, അതിന്റെ കാലിൽ ഉരുണ്ട കുളമ്പുകളാണ്,



ഇങ്ങനെ നിങ്ങൾ പെട്ടെന്ന് ശ്രദ്ധിക്കാത്ത കുറേ കാര്യങ്ങൾ ഒട്ടകത്തിനുണ്ട്...."

"താങ്ക്യൂ, ബിലാൽ, ഹഫീസ്... ഇനി പോയിരുന്നോളൂ..." "നിങ്ങൾക്കറിയുമോ ഒട്ടകത്തിന് പുറത്തുള്ള ആ മുഴ എന്തിനാണെന്ന്?" കുട്ടികൾ ഇല്ലെന്ന് തലയാട്ടി. അവർക്കും അങ്ങനെ സംശയം തോന്നിയിട്ടുണ്ട്. അലി മാഷ് തുടർന്നു. "മരുഭൂമി എന്നാൽ വെള്ളം കിട്ടാൻ പ്രയാസമുള്ള സ്ഥലമാണല്ലോ... ഒട്ടകത്തിന് ദീർഘകാലത്തേക്ക് ആവശ്യമായ വെള്ളം ശേഖരിച്ചു വെക്കാൻ വേണ്ടിയാണ് പടച്ചതമ്പുരാൻ അതിന്റെ മുതുകിൽ ഈ മുഴ സൃഷ്ടിച്ചിരിക്കുന്നത്... അതിന് നീണ്ട കാലുകൾ ഉണ്ടെന്ന് ബിലാല് പറഞ്ഞില്ലേ, അതും ഉരുണ്ട കുളമ്പുകളും ഉള്ളതുകൊണ്ടാണ് മരുഭൂമിയിലെ ചൂടിൽ നിന്ന് രക്ഷനേടാനും മണലിലൂടെ എത്ര ദൂരം വേണമെങ്കിലും ഒരു പ്രയാസവുമില്ലാതെ യാത്ര ചെയ്യാനും ഒട്ടകങ്ങൾക്ക് സാധിക്കുന്നത്." അലിമാഷ് കയ്യിലുള്ള പത്രത്തിലെ മരുഭൂമിയിൽ നിൽക്കുന്ന ഒട്ടകത്തിന്റെ ഫോട്ടോ കുട്ടികൾക്ക് കാണിച്ചു കൊടുത്തു.

"അതിന് നീണ്ട കൺപീലികളും അടക്കാനും തുറക്കാനും കഴിയുന്ന മൂക്കും ഉള്ളത് കൊ

മുത്ത് നബി സ്പെഷ്യൽ

പാറിനടക്കും തേൻകുരുവീ
പുണ്യ മദീനയിൽ പോകാമോ
എന്നെ കൂടെ കൂട്ടാമോ
കടലിനു മീതെ പറക്കാമോ
തിരുനബി റൗളയിലെത്താമോ
ബദറും ഉദ്ഹും കാണാമോ
ത്വാഇഫ് താഴ്വരയണയാമോ
മാടപ്രാവുകൾ കാവലിരുന്ന
സൗർ ഗുഹ ചാരെയിറങ്ങാമോ

ഇ. എം അദ്നാൻ

ണ്ട് മണൽക്കാറ്റ് ഉണ്ടാകുമ്പോൾ കണ്ണിലും മൂക്കിലും മണൽ കയറുകയുമില്ല..."

"സാറേ, അപ്പോ പിന്നെ ഈ മൃഗശാലയിൽ ഉള്ള ഒട്ടകത്തിനും ഉണ്ടല്ലോ ഈ മുഴയും കുളമ്പും വലിയ കൺപീലികളും ഒക്കെ മൃഗശാല മരുഭൂമി അല്ലല്ലോ?!" ഹാഫിസ് എഴുന്നേറ്റ് നിന്ന് ചോദിച്ചു. മാഷ് ചിരിച്ചു "ഹ...ഹ അടിപൊളി ചോദ്യം....ശരിയാണ് നിങ്ങൾ മൃഗശാലയിൽ പോയാൽ കാണുന്ന ഒട്ടകത്തിനും ഇതേ മുഴകളും കുളമ്പുമൊക്കെ ഉണ്ടാകും, പക്ഷേ അതുകൊണ്ട് അവർക്ക് ഒരു പ്രയോജനവുമില്ല മരുഭൂമിയിൽ ആണെങ്കിൽ ഇതൊക്കെ പ്രയോജനപ്പെടുമായിരുന്നു... കുട്ടികളെ ഇതിൽനിന്ന് നമുക്ക് ഒരു പാഠം പഠിക്കാനുണ്ട്... പടച്ചതമ്പുരാൻ നമുക്ക് ഒരുപാട് കഴിവുകളും അനുഗ്രഹങ്ങളും നൽകിയിട്ടുണ്ട്. ആ കഴിവുകൾ പ്രയോഗിക്കാൻ പറ്റിയ സാഹചര്യങ്ങളും അവസരങ്ങളും കിട്ടുന്നില്ലെങ്കിൽ അവ കൊണ്ട് ഒരു പ്രയോജനവുമില്ല എന്ന വലിയ പാഠം... അടുത്ത ഒഴിവു പിരിയഡിൽ ആനയെകുറിച്ച് ഇതിനേക്കാൾ രസകരമായ ഒരു കഥ പറയാനുണ്ട്... അപ്പൊ ക്കാണാം...ബൈ..." മാഷ് ചിരിച്ചു കൊണ്ട് പുറത്തിറങ്ങി...




മുജ്തബ നസ്വീഹ്

# നബിയുടെ സൽക്കാരം

"അങ്ങയുടെ അടുത്ത കുടുംബത്തിനു മുന്നറിയിപ്പ് നൽകുക" എന്ന വചനം സ്വന്തമിറങ്ങി സ്വന്തം കുടുംബത്തെ ഇസ്‌ലാമിലേക്കു ക്ഷണിക്കാനുള്ള അല്ലാഹുവിന്റെ കൽപ്പനയായിരുന്നു അത്.

അപ്പോൾ നബി(സ) അലി(റ)വിനെ വിളിച്ചു പറഞ്ഞു: "നീ ഒരാട്ടിൻ കാലും ഒരു കപ്പ് പാലും സംഘടിപ്പിച്ച് വിരുന്നൊരുക്കണം. എന്നിട്ട് അബ്ദുൽ മുത്തലിബിന്റെ കുടുംബത്തിൽപ്പെട്ടവരെയെല്ലാം വിളിച്ചു കൂട്ടണം. അവരെല്ലാം വന്നുചേർന്നാൽ എനിക്കവരോട് ഇസ്‌ലാമിനെക്കുറിച്ച് സംസാരിക്കാമല്ലോ."



**ശത്രുക്കളുടെ അക്രമങ്ങൾ സഹിക്കവയ്യാതെ സർവ്വം ത്യജിച്ച് മുഹമ്മദ് നബി(സ) യുടെ കൂടെ മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ ചെയ്തവരെയാണ് മുഹാജിറുകൾ.**

പറഞ്ഞതനുസരിച്ച് അലി(റ) ഒരാട്ടിൻ കാലും ഒരു കപ്പ് പാലുംകൊണ്ട് വിരുന്നൊരുക്കി. ഒരാൾക്ക് കഴിക്കാൻ മാത്രമേ അതുണ്ടായിരുന്നുള്ളൂ. നാൽപതോളം കുടുംബക്കാരെയാണു വിരുന്നിനു ക്ഷണിച്ചത്.

എല്ലാവരും വന്നു ചേർന്നു. തിരുനബി(സ) അലി(റ)വിനോടു ഭക്ഷണം കൊണ്ടുവരാൻ പറഞ്ഞു. അദ്ദേഹം തയ്യാറാക്കിയ ഭക്ഷണം കൊണ്ടുവന്നപ്പോൾ അൽപം മാംസമെടുത്തു രുചിച്ചു നോക്കി തളികയിൽ തന്നെയിട്ടു. എന്നിട്ട് പറഞ്ഞു: “എല്ലാവരും കഴിച്ചുകൊള്ളൂ.”

അവിടെയെത്തിയവരെല്ലാം വയറുനിറയെ ആട്ടിൻ മാംസം കഴിച്ചു. എന്നിട്ടും തളികയിലെ മാംസം ഒട്ടും കുറയുന്നുണ്ടായിരുന്നില്ല. എല്ലാവരും വയറു നിറച്ച് ഏമ്പക്കം വിടാൻ തുടങ്ങിയപ്പോൾ തിരുനബി(സ) അവർക്കെല്ലാം കുടിക്കാൻ പാലു കൊടുക്കാൻ കൽപ്പിച്ചു. അലി(റ) അവർക്കെല്ലാം പാൽ നൽകി. മതിവരുവോളം എല്ലാവരും പാൽ കുടിച്ചു. പാത്രത്തിൽ അപ്പോഴും ഒട്ടും കുറവുണ്ടായില്ല.

അതു കഴിഞ്ഞ് തിരുനബി(സ) അവരോടു സംസാരിക്കാനൊരുങ്ങി. അപ്പോൾ അബൂലഹബ് ചാടിയെണീറ്റ് നബിയെ തടഞ്ഞുകൊണ്ട് പറഞ്ഞു: “പറയാൻ നിൽക്കട്ടെ. എല്ലാവരും അറിഞ്ഞോളൂ, നിങ്ങളെ ഇപ്പോൾ വിരുന്നു സൽക്കരിച്ച ഇദ്ദേഹം മാരണക്കാരനാണ്. മഹാമാരണം ചെയ്താണ് ഈ അത്ഭുതം കാണിച്ചിരിക്കുന്നത്.”

അതോടെ സദസ്സിൽ ബഹളമായി. തിരുനബി(സ) കാര്യങ്ങൾ പറയുന്നതിന് മുമ്പെ എല്ലാവരും ഇറങ്ങിപ്പോയി.



## പ്രൊഫസർ ബട്ടൂരയുടെ
# ന്യൂസിലാന്റ് വിശേഷങ്ങൾ


കൂട്ടുകാരേ, ഞാനിപ്പോൾ ജപ്പാനോടു വിടപറഞ്ഞ് ന്യൂസിലാന്റിലേക്കു പറന്നെത്തിയിരിക്കുകയാണ്. ഇനി കുറച്ച് ന്യൂസിലാന്റ വിശേഷങ്ങൾ പങ്കിടാം!



ന്യൂസിലാന്റിന്റെ ദേശീയ പക്ഷിയാണ് കിവി(Kiwi). ന്യൂസിലാന്റിൽ മാത്രം കാണപ്പെടുന്ന ഇവയ്ക്ക് പറക്കാൻ കഴിയില്ല. ന്യൂസിലാന്റുകാരെ പൊതുവെ കിവീസ് എന്നാണ് വിളിക്കുന്നത്. അവർക്ക് ഈ പക്ഷികളെ വളരെ ഇഷ്ടവുമാണ്. ന്യസിലാന്റിൽ കാണപ്പെടുന്ന വേറൊരു പക്ഷിയാണ് കിയ(Kea). എന്നാൽ ഈ പക്ഷികളോട് നാട്ടുകാർക്കു ഭയങ്കര വെറുപ്പാണ്. എന്താ കാരണമെന്നല്ലേ... ഇതാ ഇതു തന്നെ.






കിയ പക്ഷികൾക്ക് റബർ കൊത്തിപ്പറിക്കാൻ വളരെ ഇഷ്ടമാണ്! നിർത്തിയിട്ടിരിക്കുന്ന കാറിന്റെയും മറ്റും വൈപ്പറുകളും ടയറുകളും കൊത്തിനാശമാക്കാൻ വിരുതന്മാരാണിവർ.

മുത്ത് നബി സ്പെഷ്യൽ

ഇ.എം സുഫ്‌യാൻ

# മരുഭൂമിയിലെ മലർവാടി

ഭർത്താവായ അബ്ദുല്ല(റ)വിന്റെ മരണത്തിൽ ദുഃഖം പൂണ്ടിരുന്ന ആമിനാബീവിക്ക് ഒരു കുഞ്ഞ് പിറന്നപ്പോൾ അവരുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. തന്റെ പൈതൽ ഒരു സാധാരണ കുഞ്ഞല്ലെന്ന് ആമിനാ ബീവിക്ക് മനസ്സിലായി. കുഞ്ഞുങ്ങളെ മരുഭൂമിയിലെ ഗ്രാമങ്ങളിലേക്കയച്ച് വളർത്തുന്ന പതിവ് അറബികൾക്കുണ്ടായിരുന്നു. അന്വേഷിച്ചുവരുന്ന ഗ്രാമീണ ഉമ്മമാർക്കൊപ്പം അറബികൾ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്താനേൽപിക്കുകയും അവർ സ്വന്തം മക്കളെപ്പോലെ കുഞ്ഞിനെ നോക്കി പരിപാലിച്ച് വളർത്തുകയും ചെയ്യുമായിരുന്നു.

ഹലീമ ഒരു പറ്റം വനിതകൾക്കൊപ്പം കുഞ്ഞിനെ അന്വേഷിച്ച് മക്കയിലെത്തി. ജനങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങളെ ഗ്രാമീണ വനിതകളെ ഏൽപ്പിക്കാൻ തുടങ്ങി. മുത്ത് നബിയുടെ വലിയുപ്പയായ അബ്ദുൽ മുത്ത്വലിബ് പേരമകനെ ഏൽപ്പിക്കാൻ ഒരു വനിതയെ അന്വേഷിക്കുകയാ

യിരുന്നു. എന്നാൽ അവരാരും മുത്ത്നബിയെ ഏറ്റെടുക്കാൻ തയ്യാറായില്ല. അവർ ചിന്തിച്ചു. അനാഥയായ ഈ കുഞ്ഞിന്റെ മാതാവും പിതാമഹനും വളരെ ദരിദ്രരാണ്. അതിനാൽ ഈ കുഞ്ഞിനെ പോറ്റിയാൽ വലിയ പ്രതിഫലമൊന്നും കിട്ടില്ല. ഗ്രാമത്തിൽ നിന്നു വന്ന ഹലീമ മെലിഞ്ഞൊട്ടിയ സ്ത്രീയായിരുന്നു. അതിനാൽ ഏറെ അന്വേഷിച്ചിട്ടും ഹലീമക്ക് കുഞ്ഞിനെ ലഭിച്ചില്ല.

ഹലീമ ഭർത്താവിനോട് പറഞ്ഞു: "ആരും ഏറ്റെടുക്കാത്ത ഈ അനാഥ കുഞ്ഞിനെ നമുക്ക് ഏറ്റെടുക്കാം."

ഭർത്താവ് പറഞ്ഞു: "അതേ, ആ കുഞ്ഞ് കാരണം അല്ലാഹു നമ്മെ അനുഗ്രഹിച്ചേക്കാം." അവർ മുത്ത്നബിയെയും കൂട്ടി യാത്ര തിരിച്ചു. വൈകാതെ അവർ വീട്ടിൽ എത്തിച്ചേർന്നു. ഒട്ടകത്തെ കറക്കാനായി ചെന്ന ഹലീമയുടെ ഭർത്താവ് സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഒട്ടകത്തിന്റെ അകിടിൽ പാൽ നിറഞ്ഞിരിക്കുന്നു. അവർ മതിവരുവോളം പാൽ കുടിച്ച് ഉറങ്ങാൻ കിടന്നു.

നേരം പുലർന്നപ്പോൾ ഹലീമയുടെ ഭർത്താവ് പറഞ്ഞു: "ഹലീമാ, നിനക്ക് അനുഗൃഹീതനായ ഒരു കുഞ്ഞിനെയാണ് ലഭിച്ചിരിക്കുന്നത്. ഹലീമയുടെ കൂട്ടുകാരികൾ അത്ഭുതപ്പെട്ടു. ഹലീമയുടെ ഒട്ടകവും ആടുകളും നിറയെ പാൽ ചുരത്തുന്നു. പ്രായമായ ഒട്ടകം വേഗത്തിൽ നടക്കുന്നു.

പുല്ലുകളൊന്നും കൂടുതൽ



വളരാത്ത ഒരു വരണ്ട പ്രദേശത്തായിരുന്നു ഹലീമ താമസിച്ചിരുന്നത്. വളരെ ദരിദ്ര കുടുംബമായിരുന്നു ഹലീമയുടെത്. പ്രായമായ ഒരു കഴുതയും പാൽ ചുരത്താത്ത ഒരു പെണ്ണൊട്ടകവും മെലിഞ്ഞ കുറച്ച് ആടുകളുമാണ് അവർക്കുണ്ടായിരുന്നത്. ഹലീമക്ക് മുലകുടിക്കുന്ന ഒരു ആൺകുഞ്ഞുമുണ്ടായിരുന്നു. ആവശ്യമായ പാൽ ലഭിക്കാതെ ആ കുഞ്ഞ് കരയുമായിരുന്നു.

മുലകുടിക്കാനായി കുഞ്ഞായിരുന്ന മുത്ത്നബികൂടി വന്നതോടെ കാര്യങ്ങളെല്ലാം മാറി. ഹലീമയുടെ ആടുകളും ഒട്ടകങ്ങളും കൂടുതൽ പാൽചുരത്തി.

ജനങ്ങൾ പറഞ്ഞു തുടങ്ങി: "നോക്കൂ, ഹലീമയുടെ ആടുകൾ നന്നായി ഭക്ഷിക്കുകയും പാൽ ചുരത്തുകയും ചെയ്യുന്നു. അവ മേയുന്നിടത്ത് നമ്മുടെ അടുകളെയും മേയാൻ വിടാം."

പക്ഷേ ആ ആനുകൂല്യം ഹലീമയുടെ ആടുകൾക്കു മാത്രമായിരുന്നു.

മണി കെ. ചെന്താപ്പൂര്

# പൊങ്ങച്ചം

**കു**ഞ്ഞുമോൾക്ക് വലിയ പൊങ്ങച്ചമാണ്. ഇല്ലാത്തതൊക്കെ ഉണ്ടെന്നു പറയുക അവളുടെ സ്വഭാവമാണ്. ഒരു വൈകുന്നേരം അവൾ കൂട്ടുകാരിയായ ചിന്നുവിനോടു പറഞ്ഞു:



“കേട്ടോ, ചിന്നു, നമ്മൾ പച്ചക്കറി കൂടുതലായി ഉപയോഗിക്കണം. അത് ശരീരത്തിന് വളരെയേറെ ഗുണം ചെയ്യും. എനിക്ക് പച്ചക്കറി വലിയ ഇഷ്ടമാണ്. എന്റെ വീട്ടിൽ എന്നും പച്ചക്കറികൊണ്ടുള്ള പത്തുകൂട്ടം കറിയുണ്ടാകും. കറി കഴിച്ചാൽ തന്നെ വയറു നിറയും.”



പാവം ചിന്നു, അവൾ പറഞ്ഞതെല്ലാം വിശ്വസിക്കുകയും അവളുടെ ഭാഗ്യമോർത്ത് അസൂയപ്പെടുകയും ചെയ്തു. അവൾ അമ്മയോട് വിവരം പറഞ്ഞ് ഭക്ഷണത്തിൽ പച്ചക്കറികളും ഇലക്കറികളും ഉപയോഗിക്കാൻ തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം യാദൃച്ഛികമായി ചിന്നുവിന് കൂട്ടുകാരിയുടെ വീട്ടിൽ പോകേണ്ടി വന്നു. ഉച്ച സമയത്താണ് ചെന്നത്. അപ്പോൾ കുഞ്ഞുമോൾ ചോറുണ്ണുകയായിരുന്നു. ചിന്നുവിന്റെ കണ്ണുകൾ അവളുടെ ഭക്ഷണപ്പാത്രത്തിൽ പത്ത് കൂട്ടം കറികൾ തിരഞ്ഞു.

കുഞ്ഞുമോൾക്ക് വിഷമം തോന്നി. പച്ചക്കറിയുടെ പത്തുകൂട്ടം പോയിട്ട് ഒരു തൊട്ടുകറി പോലും അവിടെ ഇല്ലായിരുന്നു. കുഞ്ഞുമോളുടെ മുഖമിരുണ്ടു. അവൾ നാണിച്ചു തലകുനിച്ചു.

# ആദ്യവിശ്വാസികൾ

**ജുനൈദ് വിളയിൽ**

**മു**ത്ത് നബി ഹിറാഗുഹയിലെ ധ്യാനത്തിനു ശേഷം വീട്ടിലേക്കു മടങ്ങി. പ്രിയപത്നി ഖദീജയെ അടുത്തുവിളിച്ച് പറഞ്ഞു: “പ്രിയേ, ഞാൻ ഹിറാ ഗുഹയിലിരിക്കുമ്പോൾ ഒരു മാലാഖ അടുത്തുവന്നു. ഖുർആനിലെ ചില വചനങ്ങൾ ഓതിക്കേൾപ്പിച്ചു. ഞാൻ അല്ലാഹുവിന്റെ പ്രവാചകനാണെന്ന സന്തോഷ വാർത്തയും അറിയിച്ചു.” ഖദീജയുടെ മുഖം വിടർന്നു. സന്തോഷത്തോടെ മുത്തുനബിയോട് പറഞ്ഞു:“സംശയമില്ല, നിങ്ങൾ ശ്രേഷ്ഠവ്യക്തിത്വമാണ്. സത്യസന്ധനാണ്. അല്ലാഹു അവന്റെ പ്രവാചകനായി അങ്ങയെ തിരഞ്ഞെടുത്തിരിക്കുന്നു. ഖദീജ ബീവി ശഹാദത്ത് ചൊല്ലി സത്യവിശ്വാസിയായി. മുത്ത് നബിയുടെയും ഖദീജ ബീവിയുടെയും കുടിലിലാണ് പത്തു വയസ്സുള്ള അലി താമസിച്ചിരുന്നത്. ഹിറയിൽ നിന്നു മുത്ത് നബിക്ക് ലഭിച്ച നുബുവ്വത്തിന്റെ വെളിച്ചം അലിയും വിശ്വസിച്ചു.

മാനം തെളിഞ്ഞ ഒരു ദിവസം അബൂതാലിബ് മുത്ത് നബിയോടു ചോദിച്ചു: “മോനേ, എന്താണ് നിന്റെ മതം?” സന്തോഷത്തോടെ മുത്തുന

ബി പറയാൻ തുടങ്ങി: "അല്ലാഹുവിനെയാണ് നാം ആരാധിക്കേണ്ടത്. ഞാൻ അല്ലാഹുവിന്റെ പ്രവാചകനാണ്. ഉപ്പാപ്പയായ ഇബ്രാഹിം എന്നവരും അല്ലാഹുവിനെയായിരുന്നു ആരാധിച്ചിരുന്നത്." എല്ലാം കേട്ടുനിന്ന അബൂതാലിബ് അലിയോട് ചോദിച്ചു: "മോനേ, ഏതാണ് നിന്റെ മതം?"

"ഞാൻ അല്ലാഹുവിലും അവന്റെ പ്രവാചകനിലും വിശ്വസിക്കുന്നു. മുത്ത്നബി പറയുന്നതു തന്നെയാണ് ഞാനും പറയുന്നത്. ഞാൻ കൈകൾ ഉയർത്തുന്നതും അല്ലാഹുവിലേക്കാണ്." അബൂത്വാലിബ് മറുപടി കേട്ടുവെങ്കിലും ഇസ്ലാം സ്വീകരിച്ചില്ല. എന്നാലും ജീവിതാവസാനം വരെ മുത്ത് നബിക്ക് തണൽ നൽകി.

പരിശുദ്ധമതം വളർന്നു തളിർത്തു തുടങ്ങി. മുത്ത്നബിയുടെ വളർത്തുപുത്രൻ സൈദ് സത്യമതത്തിലലിഞ്ഞു ചേർന്നു. ഇസ്ലാമിനെക്കുറിച്ച് അബൂബക്കർ(റ)നോട് മക്കക്കാർ പറഞ്ഞപ്പോൾ അബൂബക്കർ(റ) വേഗം സത്യമതത്തിൽ അംഗമായി മാറി.

കൂട്ടുകാർക്ക് പരിശുദ്ധ മതത്തിന്റെ വെളിച്ചം ആളുകളിലേക്കെത്തിക്കാൻ അബൂബക്കർ(റ) ഓടിനടന്നു. സത്യമതം മക്കയുടെ മണ്ണിൽ തളിർത്തു തുടങ്ങി. പരിശുദ്ധ ഖുർആൻ ഹൃദയത്തിലേക്ക് ആവാഹിച്ച് മുത്തുനബി ദിവ്യസന്ദേശങ്ങൾ പുതിയ ആളുകൾക്ക് പകർന്നുകൊണ്ടേയിരുന്നു.

# മുത്ത്നബി മദീനയിലേക്ക്




ജുനൈദ് വെണ്ണിയോട്

**ആ**ദ്യഘട്ടത്തിൽ മക്കയിൽ വിശ്വാസികൾക്ക് ദുരിതം നിറഞ്ഞ ജീവിതമായിരുന്നു. ശത്രുക്കൾ അവരെ ഇടതടവില്ലാതെ പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സമാധാനത്തോടെ ആരാധനകളിലേർപ്പെടാൻ അനുവദിക്കുന്നില്ല. എപ്പോഴും ശകാരവാക്കുകൾ, പലപ്പോഴും അവർ മുസ്‌ലിംകളെ ആക്രമിക്കുകയും ചെയ്തു. അക്രമം പരിധിവിട്ടപ്പോൾ പ്രവാചകർ(സ) അനുചരന്മാരോട് മദീനയിലേക്ക് പലായനം ചെയ്യാൻ ആഹ്വാനം നൽകി.

മക്കയിൽ നിന്ന് വിദൂരത്താണ് മദീന. തിരുനബിയെപ്പറ്റി കേട്ടയുടനെ തന്നെ മദീന നിവാസികൾ മക്കയിലെത്തുകയുണ്ടായി. പലരും ഹബീബിനെ കണ്ട് ഇസ്‌ലാം സ്വീകരിച്ചു. മക്കയിൽ നിന്ന് മാറി ശേഷിക്കുന്ന കാലം മദീനയിൽ ജീവിക്കാൻ അവർ അപേക്ഷിക്കുകയും ക്ഷണിക്കുകയും ചെയ്തിരുന്നു.

പലായനത്തിന്റെ പ്രാരംഭമായി സ്വഹാബാക്കളിൽ ചിലരെ നബി(സ) മദീനയിലേക്കയച്ചു. അല്ലാഹുവിന്റെ സമ്മതം ലഭിക്കാത്തതു കൊണ്ട് തിരുദൂതർ മക്കയിൽ തന്നെ നിന്നു. ഒരു ദിവസം ജിബ്‌രീൽ(അ) സന്ദേശവുമായി എത്തി:

“നബിയേ, നിങ്ങൾ ഈ രാത്രി ഉറങ്ങരുത്.” മദീനയിലേക്ക് പോകാനുള്ള റബ്ബിന്റെ സമ്മതമായിരുന്നു അത്.

നബിതങ്ങളുടെ പലായനം മണത്തറിഞ്ഞ ശത്രുക്കൾ അവിടുത്തെ വീട് വളഞ്ഞു. കൂടെഅലി(റ)വിനോട് തന്റെ കിടക്കയിൽ കിടക്കാനും വിരിപ്പ് ഉപയോഗിക്കാനും പറഞ്ഞു. ഒരു പിടി മണ്ണുവാരിയെറിഞ്ഞു. വീടുവളഞ്ഞവരുടെ കണ്ണ് മൂടിപ്പോയി. മുത്ത്നബി പുറത്തു കടന്നത് ആരും അറിഞ്ഞില്ല.

റസൂൽ(സ) നേരെ പോയത് സന്തത സഹചാരിയായ അബൂബക്കർ സിദ്ദീഖ്(റ)വിന്റെ അടുത്തേക്കായിരുന്നു. യാത്ര ചെയ്യാൻ ആവശ്യമായ ഒട്ടകങ്ങൾ

അവിടെ സജ്ജമാക്കിയിരുന്നു. മക്കാ നഗരത്തിൽ നിന്ന് എത്രയും വേഗം പുറത്ത് കടക്കാൻ വേണ്ടി യാത്ര ആരംഭിച്ച അവർ മക്കയിൽ നിന്നും അല്പം അകലെയുള്ള സൗർ ഗുഹയിൽ അഭയം തേടി.

മൂന്ന് ദിവസം വരെ അവർ ആ ഗുഹയിൽ താമസിച്ചു. ശത്രുക്കൾ നാനാഭാഗത്തും തിരച്ചിൽ നടത്തിയെങ്കിലും അവരെ കണ്ടെത്താനായില്ല. ഗുഹാമുഖത്തു കൂടെ ശത്രുക്കൾ നടന്നു പോയിട്ടും അവർ അതിലുണ്ടെന്ന് മനസ്സിലാക്കാൻ അവർക്ക് സാധിച്ചില്ല. നബിയും സിദ്ദീഖ് തങ്ങളും നോക്കിയപ്പോഴാണ് ഗുഹാകവാടത്തിൽ എട്ടുകാലി വലകൾ കണ്ടത്. ശത്രുക്കൾ ആ ഗുഹയെ പരിഗണിക്കാതിരുന്നതും അതുകൊണ്ടായിരുന്നു.



മദീനയിലെ ജനങ്ങൾ ആകാംക്ഷയിലാണ്. തിരുനബി(സ) എത്തേണ്ട ദിനം കഴിഞ്ഞിട്ടും എത്താത്തതു കൊണ്ട് അവർ അസ്വസ്ഥരായി. എന്നും മരുഭൂമിയിലേക്ക് നോക്കി നിന്നു.

അല്ലാഹുവിന്റെ റസൂൽ(സ) മദീനയിലെത്തി. ഏറെ സന്തോഷത്തോടെ അവർ സ്വീകരിക്കുകയും ചെയ്തു.

മദീനയിൽ പ്രവാചകർ നടത്തിയ ആദ്യ പ്രഭാഷണം ഹദീസുകളിൽ പ്രസിദ്ധമാണ്. തന്നെ നിരന്തരം പീഢിപ്പിച്ച മക്കക്കാർക്കെതിരെ ഒരു പരാമർശവും ആ പ്രഭാഷണങ്ങളിൽ ഇല്ലായിരുന്നു. പകരം തെറ്റുചെയ്ത് ജീവിച്ചാൽ നാളെ കാത്തിരിക്കുന്ന നരകത്തെപ്പറ്റി അവർക്ക് ഉത്ബോധനം കൊടുത്തു. സകല പ്രവർത്തനങ്ങളും വിചാരണ ചെയ്യപ്പെടുന്ന അന്ത്യനാളിനെപ്പറ്റിയും അവരോട് സൂചിപ്പിച്ചെന്നല്ലാതെ ആരെയും പരിഹസിക്കാനോ ഒരു വിഭാഗത്തെ തേജോവധം ചെയ്യാനോ തിരുനബി (സ) തങ്ങൾ ആ പ്രഭാഷണങ്ങളെ ഉപയോഗപ്പെടുത്തിയിരുന്നില്ല.



CID
സൽമാൻ
സീക്രട്ട് ഫയൽ
സർക്കാരിന്റെ രഹസ്യങ്ങളടങ്ങിയ ഫയൽ വെളിപ്പെടുത്താൻ പ്രതിപക്ഷ നേതാവ് പത്രസമ്മേളനം ഏർപ്പെടുത്തുന്നു. ...അതിനു മുൻപേ സി.ഐ.ഡി. സൽമാൻ ആ ഫയൽ തന്റെ കൈകളിൽ എത്തിക്കുമെന്ന പ്രതീക്ഷയിലാണ് ചീഫ് മിനിസ്റ്റർ..... പക്ഷേ.....
THUD
..സൽമാൻ ഒരു അജ്ഞാതന്റെ അടിയേറ്റ് വീഴുന്നു...
ചീഫ് മിനിസ്റ്റർ -
ഓഫ്.. സമയം 10 മണി ആവുന്നു... ഇപ്പോ.. പത്ര സമ്മേളനം തുടങ്ങും
സൽമാൻ എവിടെ ?
..ഇതേ സമയം മറ്റൊരിടത്ത് -
..സാർ, ആ സി. ഐ. ഡിയെ ഞങ്ങൾ പൊക്കി! ..അവനിപ്പോ ഞങ്ങടെ കസ്റ്റഡിയിൽ ഉണ്ട്!
വെരി ഗുഡ്! ഇനി ധൈര്യമായി പത്ര സമ്മേളനം തുടങ്ങാം!
25



തിങ്ങി നിറഞ്ഞ പ്രസ്സ് ക്ലബ്ബ് ഹാൾ - പ്രമുഖരും, രാഷ്ട്രീയക്കാരും , മാധ്യമ പ്രവർത്തകരും ആകാംക്ഷയോടെ കാത്തിരിക്കുകയാണ്....
PRESS CLUB
..കേരള രാഷ്ട്രീയത്തെ മൊത്തം മാറ്റിമറിക്കാനിടയുള്ള ആ **ഫയൽ** വെളിപ്പെടുത്തുന്നതും കാത്ത്.....
ആശങ്കയോടെ ചീഫ് മിനിസ്റ്റർ
സൽമാൻ എവിടെ?
..ഇതേ സമയം.. സൽമാൻ ഒരു അജ്ഞാത കേന്ദ്രത്തിൽ
ഈ കെട്ടൊന്നഴിക്കാൻ എന്താണൊരു വഴി?
ങ്ഹാ..!! ബെൽറ്റ്!!
26



ജയിംസ് ബോണ്ട് ഉൾപ്പെടെ - യുള്ള ബ്രിട്ടീഷ് ചാരൻമാർ ഉപയോഗിക്കുന്ന ഒരു "സ്പെഷ്യൽ" ബെൽറ്റാണ് സൽമാൻ ധരിച്ചിരിക്കുന്നത്. അത്യാവശ്യഘട്ടങ്ങളിൽ ....
YES!
..കെട്ടിൽ നിന്നും സ്വതന്ത്ര - നായി !!
..ഇനി എത്രയും പെട്ടെന്ന് പുറത്ത് കടക്കണം!
...അതിൽ ഘടി - പ്പിച്ചിരിക്കുന്ന ചെറിയ ബാറ്ററിയു ടെ സഹായത്താൽ ബെൽറ്റിന്റെ "ബക്കിൾ" ഒരു ഡ്രില്ലിംഗ് മെഷീൻ പോലെ കറങ്ങും !!
ഇതേ സമയം കാവൽക്കാർ
ആ **മണ്ടൻ** സി.ഐ.ഡി എന്ത് ചെയ്യുകയാണെന്ന് നോക്കിയിട്ട് വരാം !!
ഈ.... ..മണ്ടൻ സി.ഐ. ഡി ... നിന്റെ - യൊക്കെ **തലമണ്ട...**
....**അടിച്ചു പൊളി - ക്കാൻ** പോവുക യാണെടാ...
..ഇങ്ങോട്ട് തന്നാൽ അങ്ങോട്ടും വേണ്ടേ! അതല്ലേ... മര്യാദ!
27


ഠാ... ഇനി നിനക്ക് കിട്ടിയില്ലെന്ന പരാതി വേണ്ട!!
ഠും
ഇന്നാ... പിടിച്ചോ!!
അയ്യോ....
F/2020
സമയം 10 മണി. പ്രസ്സ് ക്ലബ്ബ് ഹാൾ...
കേരള നാട്...
... ആകാംക്ഷയോടെ കാത്തിരുന്ന നിമിഷം. പ്രതിപക്ഷ...
... നേതാവ് രാജേഷ് പാലക്കാട
... ഹാളിലേക്ക് പ്രവേശിക്കുന്നു.
... തുടർന്ന് തീപ്പൊരി പ്രസംഗം!!
... ഈ സർക്കാരിന്റെ ജനദ്രോഹ നടപടികളെക്കുറിച്ചും അഴിമതികളെക്കുറിച്ചും ഞാൻ കൂടുതലൊന്നും പറയുന്നില്ല! ... ഇവരുടെ തട്ടിപ്പുകളും... വെട്ടിപ്പുകളും ഇതാ... നേരിൽ കാണൂ!!
.. ആശങ്കയോടെ മുഖ്യമന്ത്രിയും, ആകാംക്ഷയോടെ ജനങ്ങളും, ആവേശത്തോടെ പ്രതിപക്ഷവും...!! ... ഇതാ.. പ്രസ്സ് ക്ലബ്ബിലെ വലിയ സ്ക്രീനിൽ... ചീഫ് മിനിസ്റ്ററുടെ സീക്രട്ട് ഫയൽ ..വെളിപ്പെടുകയായി.....
28
തുടരും -

# വിശപ്പിന്റെ കാഠിന്യം

**ബാസിത് നെല്ലിക്കുത്ത്**

വിശന്നൊട്ടിയ വയറിനെ രണ്ട് കൈകൾ കൊണ്ടും പൊത്തിപ്പിടിച്ച് മക്കയിലെ മരുഭൂതിട്ടയിലൂടെ അവൻ വലിഞ്ഞ് നടന്നു. കണ്ണുകൾ കൂമ്പിയടഞ്ഞിരിക്കുന്നു. ചോരയും നീരും വറ്റി മെല്ലിച്ച കാലിന് ബലം നഷ്ടപ്പെടുന്ന പോലെ. മാംസളമല്ലാത്ത കൈകൾ മനസ്സറിവില്ലാതെ വയറിനു മീതെ ഇടക്കിടെ പാഞ്ഞു കൊണ്ടിരുന്നു. ദിവസങ്ങളെത്രയായി ഈ കുഞ്ഞുവയറ് ഒരു ഭക്ഷണത്തിന്റെ രുചിയറിഞ്ഞിട്ട്. എന്നത്തേയും ദിനചര്യയായത് കൊണ്ടാവണം അവന്റെ കണ്ണുകൾ നാലുപാടിലും എന്തൊക്കെയൊ തിരഞ്ഞ് നടന്നു.

കുറച്ച് ദിനങ്ങളായിട്ട് തന്റെ ജീവിതക്രമം ഇങ്ങനെയൊക്കെ തന്നെയാണല്ലോ. പകലന്തിയോളം അലഞ്ഞ് തിരിയും. ദാഹിക്കുമ്പോൾ വെള്ളം കോരി കുടിക്കും. വിശപ്പറിഞ്ഞാൽ കിട്ടുന്നതൊക്കെ വാരിവലിച്ചു തിന്നും. തിരിച്ചറിവില്ലാത്ത പ്രായമാണ്. താൻ ചെയ്യുന്നത് കുറ്റമാണെന്നറിയില്ല. കുലച്ചു നിൽക്കുന്ന ഈത്തപ്പന മരങ്ങൾ മക്കയുടെ ഓരോ പ്രാന്തങ്ങളുടെയും സൗന്ദര്യമാണ്. വേലികെട്ടി മറച്ച് അതീവ ശുശ്രൂഷയോടെയാണ് ഗ്രാമീണരൊക്കെ കൃഷിയിറക്കുന്നത്. തോട്ടമുടമയും തോട്ടപ്പണിക്കാരും തുടങ്ങി ഒരു വലിയ സമൂഹത്തിന്റെ ഏക ജീവിതോപാധിയാണ് ഈ ഈത്തപ്പനകൾ.

മുഴുത്ത കല്ലൊരണ്ണമെടുത്ത് ഉന്നം വെച്ചെറിഞ്ഞാൽ നന്നായി പഴുത്ത ധാരാളം പഴങ്ങൾ കിട്ടും. അവയിൽ നിന്ന് തിന്നും മിച്ചം വന്നത് പെറുക്കി കീശയിലിട്ടും അവൻ വെയിലറിയാതെ, മഴയറിയാതെ നടക്കും. ഇരുട്ടു വീണാൽ അടച്ചുറപ്പില്ലാത്ത ഏതെങ്കിലും മണൽ കൂനയുടെ നിഴലിൽ ചുരുണ്ടുകൂടി മാനം നോക്കിക്കിടക്കും. ആ രാത്രിയവിടം കഴിച്ചു കൂട്ടും.

വിശപ്പും ചൂടും കൂടിയായപ്പോൾ അവൻ കൂടുതൽ അസ്വസ്ഥനായി. നടത്തത്തിനാക്കം കുറഞ്ഞു. നാവിൽ വെള്ളം വറ്റി. നന്നായി കിതക്കുന്നുണ്ട്. ദൂരെയൊരു കുഞ്ഞു പച്ച പൊട്ട് കണ്ണിൽ തറച്ചു നിന്നു. ഉള്ളിൽ അറിയാതെ കുളിരു പെയ്തു. അവന് തന്റെ കണ്ണുകളെ വിശ്വാസിക്കാനായില്ല.

നൂറായിരം ഈത്തപ്പനകൾ കുലച്ച് നിൽക്കുന്ന ഒരു തോട്ടം. കണ്ണുകൾ ഈത്തപ്പഴത്തിലേക്ക് നോട്ടമെറിഞ്ഞു. കല്ലുകളും, തറികളും, ചീളുകളുമൊക്കെ പെറുക്കി കൂട്ടി. ചുറ്റിലാരുമില്ലന്ന് ഒന്നു കൂടെ ഉറപ്പ് വരുത്തിയ ശേഷം അവൻ ഈത്തപ്പഴം ലക്ഷ്യം വെച്ച് കല്ലുകളെറിഞ്ഞു. വിശപ്പടങ്ങുന്നത് വരെ ഭക്ഷിക്കാൻ മാത്രം പഴങ്ങൾ അവനു മുമ്പിൽ നിരന്ന് വീണു. വയറു നിറയെ ഭക്ഷിച്ചു. ഇനി കുറച്ച് വെള്ളം കിട്ടണം. നല്ല ദാഹമുണ്ട്. അവനെണീറ്റ് തോട്ടത്തിലങ്ങോളം നടന്നു. ഇത്ര വലിയ തോട്ടത്തിൽ എന്തായാലും ഒരു ജലസംഭരണി കാണുമെന്നത് തീർച്ചയാണ്.

കുറച്ചപ്പുറത്ത് നിന്ന് നേർത്തൊഴുകുന്ന ഒരു കളകളാരവം കേൾക്കുന്നുണ്ട്. ശബ്ദം കേട്ട ഭാഗത്തേക്കവൻ തിരിഞ്ഞ് ധൃതിയിൽ നടന്നു. തോട്ടത്തിന് നടുത്തളത്തിലൂടെ പ്രദക്ഷിണം ചെയ്യുന്ന ഒരു കുഞ്ഞരുവി. അവൻ അതിന്റെ വക്കത്തിരുന്ന് കൈകുമ്പിൾ കുത്തി വെള്ളം കോരിക്കോരി വായിലേക്കൊഴിച്ചു. എത്ര കുടിച്ചെന്ന് തിട്ടമില്ല. ഇന്നത്തേത് കുശാലായി. അവൻ മനസ്സിലോർത്തു. ചെറിയ തോതിൽ ചൂടു കലർന്ന് ത

# പൂത്തിങ്കൾ

മക്കയിലന്നൊരു തിങ്കൾ പുലരിയിൽ
ഉദയംകൊണ്ടു പൂത്തിങ്കൾ
സത്യ മതത്തിൻ നിത്യ നിലാവൊളി
പാരിൽ വിതറി നബിതങ്ങൾ
തിന്മകൾ അരുതെന്നോതി നബി
നറു നന്മകളേകാൻ വന്നു നിധി
ദ്രോഹം ചൊരിയും ശത്രുവിനും
സൽ പുഞ്ചിരി സമ്മാനിച്ചു നബി
സത്യം മാത്രം ചൊല്ലേണം നാം
ഹൃത്തിൽ സ്നേഹം കാത്തിടണം
സ്രഷ്ടാവഹദിനെ ഓർത്തിടണം
സ്വർഗ്ഗ പൂങ്കാവനമെത്തിടണം
അറിവിൻ ഉറവ മുത്ത് നബി
മദനി മരുഭൂവിലെ ഹരിതവനി
ചെന്ന് സലാ മോതാൻ ഉദവി
നൽകേണം യാ റബ്ബീ സനദീ

**റൈഹാൻ അബ്ദുൽ കരീം**

ണുത്ത് വീശുന്ന മണൽകാറ്റ് അവനെ ഉറക്കിന്റെ ആലസ്യത്തിലേക്ക് വീഴ്ത്തി. അരുവിക്കരയിലമർന്ന് നീണ്ട് നിവർന്ന് അവൻ നാളത്തേക്കുള്ള കിനാവ് കണ്ടു കിടന്നു.

പതിവുപോലെ സന്ദർശനത്തിനെത്തിയതായിരുന്നു ഉടമസ്ഥൻ. കുറച്ച് ദിവസമായി തോട്ടത്തിൽ നിന്ന് ഈത്തപ്പ

ഴങ്ങൾ മോഷണം പോകുന്നുണ്ട്. ആരാണ് കള്ളൻ എത്ര ആലോചിച്ചിട്ടും പിടി കിട്ടുന്നില്ല. ഇത്ര നാളായിട്ടും കള്ളനെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. അവനെ എന്റെ കൈയിൽ കിട്ടിയാൽ... അയാളുടെ പല്ലുകൾ ഞെരിഞ്ഞമർന്നു. മനസ്സിൽ ചിലതൊക്കെ ചിചിന്തിച്ചുറപ്പിച്ച് മുന്നോട്ടു നടക്കുമ്പോഴാണ് മുന്നിൽ കിടക്കുന്ന ഒരു രൂപവും ഒപ്പം കൂർക്കം വലിയുടെ നേർത്ത ഒരു താളവും. അയാൾക്കുടനെ കാര്യം മനസ്സിലായി. നന്നായി തിന്ന് മുടിച്ച് കിടന്നുറങ്ങുകയാണ് പീറച്ചെറുക്കൻ. അയാളുടെ മനസ്സ് പതഞ്ഞുരഞ്ഞു.

അയാൾ കുട്ടിയെ ഒച്ചയിട്ട് കുലുക്കി വിളിച്ചു. അയാളുടെ കണ്ണിലെ ശൗര്യവും കത്തിച്ചെറിയുന്ന നോട്ടവും അവനെ ഭയപ്പെടുത്തി. അവനാ ശാന്തമായ അന്തരീക്ഷത്തിലും വിയർത്തൊലിച്ചു. ബഹളം കേട്ട് ആളുകൾ ഓടിക്കൂടി. കുട്ടികള്ളനെ കണ്ട് അവിടെ പിറുപിറുപ്പ് ഉയർന്നു. 'നബി സ്വല്ലല്ലാഹു അലൈഹിവസല്ലമയുടെ കോടതിയിൽ ഹാജരാക്കാം' എല്ലാവരുടെയും അഭിപ്രായം അതാണ്. കുട്ടിയെ പിടിച്ച് കെട്ടി മുന്നിൽ നടത്തി. നബിയുടെ മുമ്പിൽ ഹാജരാക്കി.


"എന്തിനാ മോനേ നീ മോഷ്ടിക്കുന്നത്?" നബി വളരെ സ്നേഹത്തോടെ കുട്ടിയോടു ചോദിച്ചു.

"വിശന്നിട്ടാണു നബിയേ. എനിക്ക് വിശപ്പടക്കാൻ മറ്റു മാർഗങ്ങളില്ല. കത്തിയെരിയുന്ന വയറുകളെന്നെ പ്രേരിപ്പിക്കുന്നു നബിയേ..." എന്നവൻ മറുപടി പറഞ്ഞു.

ഇതുകേട്ട് നബിയുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. അതിയായ വാത്സല്യത്തോടെയും സ്നേഹത്തോടെയും തിരുനബി(സ) അവനെ മോഷണത്തിന്റെ ഭവിഷത്ത് പറഞ്ഞു മനസ്സിലാക്കി. കളവ് ചെയ്തവന് നാളെ പരലോകത്ത് കിട്ടുന്ന ശിക്ഷയും ബോധ്യപ്പെടുത്തി. ഇനി ഏത് പ്രതിസന്ധിയിലും മോഷ്ടിക്കില്ല എന്നവൻ നബി(സ)ക്ക് വാക്കു കൊടുത്തു.


മിസ്റ്റർ
മണ്ടപ്പൻ
ഒടുവിൽ തല്ലിപ്പൊളിയും ചെന്നായനും തീരുമാനിച്ചുറച്ചു
അപ്പന്മാരെ കാലപുരിക്കയക്കാൻ നമുക്ക് പറ്റുന്നില്ല.
ഇനി ഒന്നേ പറ്റുകയുള്ളൂ
കേസന്വേഷണത്തിൽ അപ്പന്മാരെ ഉൾപ്പെടുത്തുന്നത് മതിയാക്കാൻ ഡിപ്പാർട്ടുമെന്റിനോട് പറയുക!
അതെങ്ങനെ ബോസ്, പോലീസേമ്മാൻമാർ നമ്മൾ പറഞ്ഞാൽ കേക്കുമോ
അതിനല്ലേ ബ്ലാക്ക് മെയിലിംഗ്!!
എന്ത് ബ്ലാക് മെയിലിംഗാണ് ബോസ്? ഒന്നും പിടികിട്ടുന്നില്ല...
അങ്ങനെ
ങേ
ഹലോ പോലീസ് സ്റ്റേഷൻ, ഞങ്ങൾ അധോലോകം ലീഡർമാരാണ്. അണ്ടർ വേൾഡ് ഡോൺ!


എഡേ! അപ്പന്മാരെ വിളിക്കൂ
എന്താ സാർ?
അണ്ടർ വേൾഡുകാർ അപ്പന്മാരെയാണ് ടാർഗറ്റ് ചെയ്തിരിക്കുന്നത്
യ്യോ!
അപ്പന്മാർ ഫോൺ എടുക്കുന്നില്ലല്ലോ, ഏമ്മാനേ
എങ്കിൽ മെസേജ് അയക്കൂ
ഹ! ഹ! ഹ! സംഗതി ഏറ്റുവെന്നാണ് തോന്നുന്നത് ബോസ്!
പിന്നല്ലാതേ
കാട്ടുവഴിയിലൂടെ ഒരു ലൈൻബസ് സർവ്വീസ് നടത്തുന്നില്ലേ, ഡോ
ഉണ്ടല്ലോ വനഭൂമി ട്രാവൽസ്. എന്തേ?
നീ ബസിൽ ഒരു ടൈം ബോംബ് ഫിറ്റ് ചെയ്യണം
ഹയ്യോ


രാത്രി ആ ഒഴിഞ്ഞ പറമ്പിലാണ് ബസ് പാർക്ക് ചെയ്യുക. ആരുമറിയാതെ സംഗതി ഒപ്പിച്ചാൽ മതി
തല്ലിപ്പൊളിയുടെ നിർദ്ദേശം ചെന്നായൻ അക്ഷരംപ്രതി അനുസരിച്ചു
ആ മനോഹര ദൃശ്യം കൺകുളിർക്കേ കാണാൻ നമുക്ക് ബസിനു പിറകെ പോകണം.
അതിനിടയിൽ അപ്പന്മാരെ അന്വേഷണം ഏൽപിക്കുന്ന ചുമതല ഒഴിവാക്കിയെന്ന വാർത്ത ഏമാന്മാർ തരുമായിരിക്കും.
അപ്പോൾ ഒരു വനയാത്ര കഴിഞ്ഞ് തുറന്ന ജീപ്പിൽ നാട്ടിലേക്കു തിരിക്കുകയായിരുന്നു അപ്പന്മാർ
ഫോണിന് കവറേജില്ലാത്തത് നന്നായി. അല്ലെങ്കിൽ പോലീസേമാന്മാർ എന്തെങ്കിലും കേസ് ഏൽപിക്കുമല്ലോ
ശരിയാ



ബസിൽ ബോംബ് പൊട്ടുന്നതു കാണാൻ തല്ലിപ്പൊളിയും ചെന്നായനും കാറിൽ
അതാ വനഭൂമി ട്രാവൽസ് പോകുന്നു!
ഇനി പതിനഞ്ചു സെക്കന്റ് മാത്രം ഹയ്യടാ
അതേസമയം അപ്പന്മാരുടെ ജീപ്പിന്റെ പതിവു കുസൃതി!
അണ്ണേ! ചതിച്ചു ബ്രേക്ക് പോയി!
അയ്യോ!
ഇനി പെട്രോൾ തീരാതെ ജീപ്പ് നിൽക്കില്ലല്ലോ, അണ്ണേ
ഏതെങ്കിലും മരത്തിൽ ഇടിച്ചു നിർത്താൻ നോക്ക്, മച്ചൂ


ബോസ്! ആ തുറന്ന ജീപ്പ്, അത് അപ്പന്മാരല്ലേ?
അതേയോ. ഇവന്മാർ ഇതെന്താ പരിപാടി
അപ്പന്മാർ നല്ല സ്പീഡിലാണ് വരുന്നത്. നമ്മളാണോ ടാർഗറ്റ്
കുടുങ്ങിയോ
നമുക്ക് രക്ഷപ്പെടാം. ബോംബ് പൊട്ടുന്നത് ചാനലിൽ കാണാം.
നിയന്ത്രണം വിട്ടുവന്ന അപ്പന്മാരുടെ ജീപ്പ്, തല്ലിപ്പൊളിയുടെ കാറിന്റെയും ബസിന്റെയും ഇടയിൽ ഞെരിഞ്ഞുനിന്നു.
ബസ് നിർത്തൂ ഡ്രൈവർ
പെട്ടല്ലോ മച്ചൂ
കുടുങ്ങിയോ ബോസ്!


ബസിൽ നിന്ന് യാത്രക്കാർ ഒന്നടങ്കം പുറത്തിറങ്ങി
എന്താണ് കാര്യം എന്നു നോക്കണമ ല്ലേ.
പെട്ടെന്ന്
BOOOM
കാറിൽ നിന്നിറങ്ങി രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്ന ചതിയന്മാരെ യാത്രക്കാർ പിടികൂടി.
അണ്ണേ നോക്ക ണ്ണേ, അത് ചെ ന്നായനും തല്ലി പൊളിയുമല്ലേ
അവന്മാരുടെ വേലയാ ണിത്!
അങ്ങനങ്ങ് പോകാതെ ടാ!
പിന്നീട്
ചതിയന്മാർ അപ്പന്മാർക്കി ട്ട കെണിയാ യിരുന്നു.
കത്തിപ്പോയ ബസിന്റെ നഷ്ടപരിഹാ രം ചതിയന്മാരിൽ നി ന്ന് സർക്കാർ ഈടാ ക്കുമത്രേ
ഹ! ഹ! ഹ!

ശഹീർ മോങ്ങം

# പരിഗണന

ഒരു ദിവസം പ്രവാചകൻ മുഹമ്മദ്(സ്വ) പതിവുപോലെ കഅബയുടെ അടുത്ത് ഇരിക്കുകയായിരുന്നു.

ആളുകൾ അദ്ദേഹത്തിന് ചുറ്റും കൂടി. മുത്തുനബി അവരോട് ഖുർആൻ വിശദീകരിക്കാൻ തുടങ്ങി.

ചുറ്റും കൂടിയവരെല്ലാം സമ്പന്നരും കുലീനരും മാത്രമായിരുന്നു. മുന്തിയ വസ്ത്രങ്ങളായിരുന്നു അവർ ധരിച്ചിരുന്നത്. മക്കയിലെ ഉന്നതരും നേതാക്കളുമായിരുന്ന അവർ നബിയോട് തർക്കിക്കുകയായിരുന്നു. അപൂർവ്വം ചിലർ മാത്രമാണ് നബി പറയുന്നത് ശ്രദ്ധയോടെ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്നത്.

ആ സമയം അങ്ങോട്ട് ഒരു സാധുമനുഷ്യൻ പതുക്കെ നടന്നുവന്നു. ദരിദ്രനും അന്ധനുമായിരുന്നു അയാൾ. വടിയുടെ സഹായത്തോടെയാൾ ഓരോ കാലുകളും മുന്നോട്ടു വെച്ചത്.

അവിടെ ഇരിക്കുന്നവരെ കാണാത്തതു കൊണ്ട് അവർ ആരാണെന്നോ അവരുടെ ഔന്നത്യമോ അദ്ദേഹത്തിനു തിരിച്ചറിയാൻ സാധിച്ചില്ല. പ



ക്ഷേ, അദ്ദേഹത്തിന് പ്രവാചകരുടെ ശബ്ദം കേൾക്കാമായിരുന്നു.

ഖുർആൻ വാക്കുകളാണ് മുത്തു നബി ഉച്ചരിക്കുന്നതെന്നും മനസ്സിലായി.

അങ്ങനെ അദ്ദേഹം ആ ശബ്ദത്തിലേക്ക് ആകർഷിക്കപ്പെട്ടു.

അദ്ദേഹം പ്രവാചകനോടു പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, അല്ലാഹു നിങ്ങൾക്കു അവതരിപ്പിച്ചത് എനിക്കും പഠിപ്പിക്കാമോ?" ഇത് പ്രവാചകർക്ക് അൽപം പ്രയാസമുണ്ടായി. ഖുറൈശി പ്രമുഖരായ ആളുകൾക്ക് അത് തടസ്സമാകുമോ എന്നായിരുന്നു തിരുനബിയുടെ ആശങ്ക.

പ്രവാചകൻ അൽപം നീരസത്തോടെ അദ്ദേഹത്തോട് പറഞ്ഞു: "എന്നെ തടസ്സപ്പെടുത്തരുത്."

ഇത് അദ്ദേഹത്തിനു വലിയ മനഃപ്രയാസമുണ്ടാക്കി. അല്ലാഹു ഇത് നബിയെ അറിയിച്ചു:

"നിങ്ങൾ അന്ധനായ ആളെ വേണ്ട വിധം പരിഗണിച്ചില്ല. അദ്ദേഹത്തിനു പകരം താൻ പോരിമ നടിക്കുന്നവരിലേക്കു കൂടുതൽ ശ്രദ്ധ കൊടുക്കുകയും ചെയ്തു. സത്യമാർഗം തേടി നിങ്ങളിലേക്കു വന്നയാൾ എത്ര ഉന്നതനാണന്നോ താഴ്ന്നവനാണെന്നോ പരിഗണിക്കരുത്."

അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം എന്ന സ്വഹാബിയായിരുന്നു അങ്ങോട്ടു വന്നയാൾ. മുത്തുനബിയുടെ സാഹചര്യം അദ്ദേഹം മനസ്സിലാക്കുകയും ചെയ്തു. തന്നെ പരിഗണിച്ചു ഖുർആൻ അവതരിച്ചതിൽ അദ്ദേഹത്തിനു സന്തോഷമായി. മുത്തു നബിയുടെ സദസ്സിൽ എല്ലാവരും തുല്യരായിരുന്നു. നിറമോ ജാതിയോ സമ്പത്തോ ഒന്നും അവിടെ വേർതിരിവിനു കാരണമായിരുന്നില്ല.



# പ്രകൃതിനാട്ടിലെ സുകൃതിക്കുട്ടന്മാർ

## ദർസിലെ ആദ്യദിനങ്ങൾ

പുതിയ വെള്ളക്കുപ്പായവും തൊപ്പിയുമണിഞ്ഞ് സന്തോഷത്തോടുകൂടിയാണ് അവുക്കു ഉപ്പയോടൊപ്പം പുറപ്പെട്ടത്. യാത്ര പറഞ്ഞിറങ്ങുമ്പോൾ ഇത്തയും ഇക്കയും ചിരിക്കുകയായിരുന്നു. എന്നാൽ ഉമ്മയുടെയും വല്ലിമ്മയുടെയും കണ്ണുകൾ നിറഞ്ഞതു കണ്ടപ്പോൾ അവനിത്തിരി വിഷമം തോന്നി.

നടത്തത്തിനിടയിൽ ഉപ്പ പലതും പറഞ്ഞുകൊണ്ടിരുന്നു; ഇനി പള്ളിയിലാണു താമസം. പള്ളിയിൽ കളിക്കാൻ പാടില്ല, വൃത്തികേടാക്കാൻ പാടില്ല. എപ്പോഴും ശരീരവും ഉടുപ്പുകളുമൊക്കെ വൃത്തിയായിരിക്കണം, കുട്ടികളോടൊന്നും വികൃതി കാണിക്കരുത്, മൂന്നു നേരം മൂന്നു പുരയിലായിരിക്കും ഭക്ഷണം, അവിടെച്ചെന്നാൽ മര്യാദയോടെ പെരുമാറണം, ആർത്തി കാണിക്കരുത്, കിതാബുകൾ ഓതിത്തന്നാൽ വേഗം പഠിച്ചുതീർക്കണം... എന്നിങ്ങനെ പലപല കാര്യങ്ങൾ. അവുക്കു എല്ലാറ്റിനും സമ്മതമെന്ന മട്ടിൽ ഉം.... ഉം.. എന്നു മൂളിക്കൊണ്ടിരുന്നു.

ഉമ്മയെപ്പോലെയല്ല ഉപ്പ. എ

പ്പോഴും വലിയ ഗൗരവത്തിലാ യിരിക്കും. അതുകൊണ്ടുതന്നെ അവുക്കുവിന് ഉപ്പയെ പേടിയാണ്. അങ്ങോട്ടെന്തെങ്കിലും ചോദിക്കാൻ മടിയാണ്. അവൻ അനുസരണമുള്ള കുട്ടിയായി പിന്നാലെ നടന്നു.

നല്ലൊരു തകരപ്പെട്ടിയുണ്ട് കൈയിൽ. അവനായി വാങ്ങിയതാണത്, ഉടുപ്പുകളും മറ്റും സൂക്ഷിക്കാൻ. കുറേ നടന്നപ്പോൾ കൈ കുഴയാൻ തുടങ്ങി. അപ്പോഴേക്കും റോഡിലെത്തിയതു ഭാഗ്യം. ബസിൽ കയറി കുറേ നേരം യാത്ര ചെയ്താണ് പള്ളിയിലെത്തിയത്. ക്ഷീണത്താൽ അവുക്കുവിന്റെ ഉത്സാഹമെല്ലാം കെട്ടടങ്ങിയിരുന്നു. വീട്ടിൽ നിന്നു ദൂരേക്കു പോകുന്തോറും സന്തോഷങ്ങളെല്ലാം കുറഞ്ഞുകുറഞ്ഞു വരുന്നപോലെ!

ബസിറങ്ങി പള്ളിമുറ്റത്തെത്തിയപ്പോൾ ആരൊക്കെയോ വന്നു കൈ പിടിച്ചു. "ഇതാരാ, ഒരു പുതിയ മൊയ്ല്യാരുട്ടി?"

"മോനാ, അബൂബക്കർ." ഉപ്പ പരിചയപ്പെടുത്തി.

അവൻ പള്ളിയാകെ ഒന്നു നോക്കി. വലിയൊരു പള്ളി. ചുറ്റും കാടാണ്. പള്ളിയുടെ മുറ്റത്തു വരെയുണ്ട് മീസാൻ കല്ലുകൾ! ഇവിടൊക്കെ ഖബറുകളാണല്ലോ. അവനു വല്ലാത്ത പേടി



തോന്നി.

പരിഭ്രമത്തോടെ പള്ളിയുടെ പടവുകൾ കയറിയപ്പോഴാണു കണ്ടത്, അനേകം വാതിലുകളുണ്ട് പള്ളിയിൽ. അവയിലൂടെയൊക്കെ അനേകം കണ്ണുകൾ തന്നെ തുറിച്ചുനോക്കുന്നു. ദർസിൽ പഠിക്കുന്ന കുട്ടികളായിരിക്കും. അവരെ കണ്ടപ്പോൾ അവുക്കുവിന് അൽപം ആശ്വാസം തോന്നി. അവരുടെയൊക്കെ ഉസ്താദാണല്ലോ ഉപ്പ എന്നോർത്തപ്പോൾ അഭിമാനവുമുണ്ടായി.

നേരെ പോയത് ഉപ്പയുടെ മുറിയിലേക്കാണ്. അവിടെ ഉപ്പക്ക് കിടക്കാൻ കട്ടിലും വിരിപ്പുമൊക്കെയുണ്ട്. ഭക്ഷണം കൊണ്ടുവരുന്ന അട്ടിപ്പാത്രവും ഫ്ളാസ്കും ഗ്ലാസും പ്ലേറ്റുമൊക്കെയുണ്ട്.

'ഞാനെവിടെയായിരിക്കും കിടക്കുക?' അവുക്കു ചുറ്റും നോക്കി ആലോചിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഉപ്പയുടെ ശബ്ദം കേട്ടു: "മൂസാ, ഇവിടെ വാ." വിളി കേൾക്കേണ്ട താമസം ഒരാൾ ഓടി വന്നു. ഉപ്പ അയാളോടു പറഞ്ഞു: "ഇന്നാ, ഇവനെ അങ്ങോട്ടു കൂട്ടിക്കോ. മോനാണ്. അവനു വേണ്ട സൗകര്യങ്ങളൊക്കെ ചെയ്തുകൊടുക്ക്. എല്ലാം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്ക്."

മൂസ പെട്ടിയുമെടുത്ത് അവുക്കുവിന്റെ കൈ പിടിച്ച് പറഞ്ഞു: "വാ......"

അവുക്കുവിന്റെ മുഖം മങ്ങി. 'അപ്പോ ഉപ്പയുടെ റൂമിൽ കിടക്കാൻ പറ്റില്ല അല്ലേ?' അവൻ പ്രയാസത്തോടെ ഉപ്പയുടെ മുഖത്തേക്ക് നോക്കി. ഉപ്പ പറഞ്ഞു: "മോൻ പൊയ്ക്കോ.... അവിടെയാ നല്ലത്."

പള്ളിയുടെ മുകളിൽ ചുമരിന്നരികിലായി നിരത്തിവെച്ച പെട്ടികൾ! തലങ്ങും വിലങ്ങും വലിച്ചുകെട്ടിയ അയലുകൾ! അവയിൽ നിറയെ ഉടുപ്പുകൾ! അവുക്കുവിനെ കണ്ടതോടെ മറ്റു കുട്ടികളെല്ലാം അടുത്തുകൂടി. അവരിൽ മൂസയെപ്പോലെ വലിയവരുണ്ട്, തന്നെപ്പോലെ ചെറിയവരുമുണ്ട്. പത്തിരുപതു കുട്ടികൾ. എല്ലാവരും അവുക്കുവിന്റെ കൈ പിടിച്ചു പേരു ചോദിച്ചു, സ്വന്തം പേരു പറഞ്ഞു പരിചയപ്പെട്ടു.

അപ്പോഴേക്കും മൂസ അവുക്കുവിന്റെ പെട്ടി വെക്കാൻ ഒരിടം കണ്ടെത്തി, അവിടെ കിടക്കാൻ പായ വിരിക്കുകയും ഉ

ടുപ്പുകളിടാൻ അയലുകെട്ടുക യും ചെയ്തു കഴിഞ്ഞിരിക്കു ന്നു. മൂസ പറഞ്ഞു: “അബൂബ ക്കറേ, ഇതാണിനി നിന്റെ സ്ഥ ലം, കിടക്കാനും പഠിക്കാനുമൊ ക്കെ.”

അപ്പോഴാണ് അവുക്കുവിന തു മനസ്സിലായത്; പള്ളി യാണെങ്കിലും ഇവിടെ എല്ലാവർക്കും ഓരോ സ്ഥലമുണ്ട് കിടക്കാൻ. ഓരോ രുത്തർക്കും കിടക്കാൻ സ്വന്തം പായയും ഉടുപ്പുകൾ തൂക്കിയി ടാൻ സ്വന്തം അയലുമുണ്ട്. അ ങ്ങനെ അവുക്കുവും അവരി ലൊരാളായി. ഉപ്പ എല്ലാവർ



ക്കും എന്ന പോലെ തന്റെയും ഉസ്താദ്. ഉപ്പയും മോനും എന്ന മട്ടൊന്നുമില്ല.

അവുക്കു ചെറിയ കുട്ടിയല്ലേ, അതുകൊണ്ട് അവനു ഭക്ഷണത്തിന് അധികം ദൂരെയല്ലാത്ത വീടുകളാണു നിശ്ചയിച്ചത്. രാവിലെ നാസ്ത കഴിക്കാൻ ഒരു വീട്! ഉച്ചക്ക് ചോറിന് മറ്റൊരു വീട്! രാത്രി ഭക്ഷണത്തിനു വേറൊരു വീടും!

ചെറിയ കുട്ടിയാണെങ്കിലും വീട്ടുകാർക്കെല്ലാം മൊയ്ല്യാരുട്ടിയോട് വലിയ ബഹുമാനമാണ്. വലിയവർ പോലും 'നിങ്ങൾ' എന്നാണു വിളിക്കുക. അതു കേൾക്കുമ്പോൾ അവുക്കുവിനു നാണം തോന്നും. ഇവർക്കെന്താ, 'നീ' എന്ന് വിളിച്ചാൽ പോരേ? മൊയ്ല്യാരുട്ടി വന്നാലേ വീട്ടിലുള്ളവരെല്ലാം ഭക്ഷണം കഴിക്കൂ. അതുവരെ അവർ കാത്തിരിക്കും.

ആദ്യമൊക്കെ അവുക്കുവിന് നല്ല സുഖമായിരുന്നു. എല്ലാം ചെയ്ത് തരാൻ കൂട്ടുകാർ മത്സരിക്കുന്നുണ്ടായിരുന്നു. ഉസ്താദിന്റെ മോൻ എന്ന പരിഗണന കിട്ടിയിരുന്നു. എന്നാൽ ദിവസങ്ങൾ കഴിഞ്ഞതോടെ മട്ടുമാറി. അവുക്കു അവരിലൊരാളായിത്തീർന്നതോടെ കാര്യങ്ങളെല്ലാം സ്വയം ചെയ്യണമെന്നായി.

ഉടുപ്പുകളൊക്കെ സ്വയം അലക്കണം. കുളിക്കാൻ ആഴമുള്ള കിണറ്റിൽ നിന്നു വെള്ളം വലിച്ചുകയറ്റിയെടുക്കണം. അങ്ങനെ പലതും. അതൊക്കെ സഹിക്കാം, കർശനമായ ചിട്ടകളാണ് സഹിക്കാൻ കഴിയാത്തത്. അഞ്ചുനേരത്തെ നിസ്കാരത്തിനും ബാങ്ക് വിളിച്ച ഉടനെ നല്ല ഉടുപ്പുകൾ ധരിച്ചെത്തണം. നാല് നേരത്തെ ഒരുക്കവും അവുക്കുവിന് പ്രയാസമില്ല. സുബ്ഹിയുടെ കാര്യമാണ് ബുദ്ധിമുട്ട്.

പുലർച്ചെ നാല് മണിക്ക് എണീക്കണമെന്നാണ് ഉസ്താദിന്റെ കൽപ്പന. എന്നിട്ട് പല്ലുതേച്ച് വൃത്തിയായി വുളൂഅ് ചെയ്ത് നിസ്കാരത്തിനെത്തണം. നല്ല തണുപ്പായിരിക്കുമപ്പോൾ. പുതപ്പിനുള്ളിൽ ചുരുണ്ടുകൂടി കിടക്കാൻ നല്ല സുഖമുള്ള നേരം. വിളി കേട്ടെഴുന്നേറ്റാൽ തന്നെ ഹൗളിലെ വെള്ളം തൊട്ടാൽ ഞെട്ടിപ്പോകും. അത്രയും തണുപ്പായിരിക്കും. അതോർക്കുമ്പോൾ എഴുന്നേൽക്കാനേ

തോന്നില്ല.

ആദ്യം വലിയ കുട്ടികൾ വിളിച്ചുണർത്താൻ വരും. അപ്പോൾ എഴുന്നേറ്റില്ലെങ്കിൽ പിന്നെ വരിക ഉസ്താദ് തന്നെയാണ്. കയ്യിൽ നല്ലൊരു ചൂരലുമായാണ് വരിക. പുതപ്പിൽ ചുരുണ്ടു ബോധമില്ലാതെ കിടക്കുമ്പോഴായിരിക്കും ചൂരലിന്റെ ചൂട് ശരീരത്തിലേക്ക് തറച്ചിറങ്ങുന്നത്. അപ്പോൾ എഴുന്നേറ്റൊരോട്ടമാണ്. ചില ദിവസങ്ങളിൽ അവുക്കുവിനും ചൂരലിന്റെ ചൂടറിയാൻ കഴിഞ്ഞിട്ടുണ്ട്.

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവുക്കുവിന് ബോധ്യമായി; മൊയ്ല്യാരുട്ടിയാവുക എന്നാൽ അത്ര രസമുള്ള പരിപാടിയല്ല. സ്കൂളിലെ ഇംഗ്ലീഷ് മാഷിന്റെ ചൂരലിനെക്കാൾ ചൂടേറിയതാണ് ഉപ്പ ഉസ്താദിന്റെ ചൂരൽ. പക്ഷേ എന്തു ചെയ്യും?

മറ്റൊരു പ്രശ്നം വിശപ്പിന്റേതാണ്. വീട്ടിലാണെങ്കിൽ എന്തെങ്കിലുമൊക്കെ ഇടക്കിടെ നുണയാനുണ്ടാകും. പറമ്പിലിറങ്ങിയാൽ പൊട്ടിങ്ങയും തെച്ചിക്കായും ഞാവൽക്കായും പറങ്കിമാങ്ങയും ഉണ്ണിമാങ്ങയും പേരക്കയും മറ്റും കാലാകാലങ്ങളിൽ തിന്നാൻ കിട്ടുമായിരുന്നല്ലോ. ഇതൊന്നുമില്ലെങ്കിൽ മെല്ലെ അടുക്കളയിൽ കയറിയാൽ ശർക്കരയും പുളിയും അരിയും അവിലുമൊക്കെ കട്ടുതിന്നാം. ദർസിലാണെങ്കിലോ, രാവിലെ നാസ്ത കഴിച്ചാൽ പിന്നെ ഉച്ചയാവണം ചോറ് കിട്ടാൻ. വൈകുന്നേരം കട്ടൻചായയും ഒന്നോ രണ്ടോ ബിസ്കറ്റും. പിന്നെ രാത്രിയാണു ഭക്ഷണം. ഇടക്കൊന്നും നുണയാൻ കിട്ടില്ല. മറ്റുള്ളവരുടെ വീട്ടിൽ നിന്ന് കഴിക്കുമ്പോൾ കൂടുതൽ കഴിക്കാനും തോന്നുകയില്ല. പിന്നെ വിശക്കാതിരിക്കുന്നതെങ്ങനെ?

എപ്പോഴും പഠനമാണ്: 'ഫഅല.., ഫഅലാ....., ഫഅലൂ....' ചെറിയ കുട്ടികൾ ഉറക്കെയുറക്കെ ചൊല്ലിക്കൊണ്ടിരിക്കും. കുറച്ചുകൂടി വലിയവർ ബൈത്തുകൾ നീട്ടിച്ചൊല്ലും. അതിലും വലിയവർ വലിയ കിതാബുകളിൽ കണ്ണും നട്ട് മൂകമായിരിക്കുന്നുണ്ടാവും. ഇങ്ങനെയെല്ലാവരും പഠനത്തിലാണ്. കളിക്കണമെന്ന വിചാരം ആർക്കുമില്ല; അവുക്കുവിന് അങ്ങനെയാവാൻ കഴിയുന്നില്ലല്ലോ. അവൻ ആകെ വിഷമത്തിലായി.

(തുടരും)



ഗ്രാബ്ബും ഫ്രണ്ട്സ്
ഒരു സുപ്രഭാതം.
എന്താ സല്ലാംക്കാ... നിങ്ങൾ നാട്ടിലില്ലേ ? ഇന്നലെ രാത്രി നിങ്ങടെ വീട് ഇരുണ്ട് ഒരു പ്രേത ഭവനം പോലുണ്ടായിരുന്നു !!
എടാ.. അത്.. വീടിന്റെ മുകളിലെ ബൾബ് ഫ്യൂസായത് കൊണ്ടാ !! ... നന്നാക്കാൻ ഇലക്ട്രീഷ്യനെ വിളിച്ചിട്ടുണ്ട് !!
ഹെന്റെ സലാംക്കാ... രണ്ട് ഇലക്ട്രിഷ്യൻമാരല്ലേ വടി പോലെ നിങ്ങടെ മുന്നിൽ നിൽക്കുന്നത് ?
..ഞങ്ങൾ ഫ്രീയായി ശരിയാക്കിത്തരാം!
ങേ.. നിങ്ങൾ ഇലക്ട്രിക്ക് പണിയൊക്കെ ചെയ്യുമോ ?
പിന്നില്ലാതെ! ... നിങ്ങള് ആ ഏണിയൊന്നെടുത്തേ!
ഞങ്ങള് പണിയെടുത്താൽ പിന്നെ നിങ്ങടെ വീട് ഒരിക്കലും ഇരുട്ടിലാവില്ല !!
....വീട് ഒരു പ്രകാശ ഗോപുരമായി മാറും !!


എടാ.. ഏണി മുറുകെ പിടിക്കണേ!
..ഞാൻ വിട്ടുപോയ വയറുകൾ ജോയിന്റ് ചെയ്യുകയാ !!
ഏണി മുറുകെ- പിടി !!
എടാ... ..ഏണി ഇളക്കാതെടാ !!
എടാ... കാലിൽ എന്തോ കടിച്ചെടാ !!
ന്റമ്മോ... വയർ കത്തി !!!
ങ്ഹേ...വയർ ഷോർട്ടായി???
SHOCK!
വീടിന് തീപിടിച്ചെടാ...!! ഓടിക്കോടാ !!
ദ്രോഹികളേ... നിൽക്കെടാ അവിടെ!
ഇയ്യാളെന്തിനാ നമ്മളെ തല്ലാൻ വരുന്നത്?
നോക്കെടാ... നമ്മൾ പറഞ്ഞ പോലെ ..അയാൾടെ വീട്... ഒരു പ്രകാശ ഗോപുരമായി മാറിയില്ലേ!!!
F/2020

ഉല്ലല ബാബു

# ആമയും കൊക്കും

കൊക്ക്, നദിക്കരയിൽ കഴുത്ത് നീട്ടിപ്പിടിച്ചിരുന്നു. ജാഗ്രതയോടെ അവൾ വെള്ളത്തിലേക്ക് നോക്കി. നദിയുടെ അടിത്തട്ട് വരെ അവൾക്ക് കാണാം. അത്ര സുഷമതയോടെയാണ് നോട്ടം. നദിയുടെ അടിയിലെ ചെറിയ ചലനം പോലും അവൾ ശ്രദ്ധിച്ചു.

ദാ, ഒരു ചത്ത മൃഗത്തിന്റെ ശരീരം നദിയിലൂടെ ഒഴുകി വരുന്നു. അതിൽ നിന്ന് മാംസം കൊത്തിയെടുക്കാൻ ഒരുങ്ങി. അകലെ ആകാശത്തു നിന്ന് ഒരു കൂട്ടം കഴുകന്മാർ വട്ടമിട്ടു പറന്ന് താഴേക്ക് ഇറങ്ങി വരുന്നത് അവൾ കണ്ടു. അവ തന്നെയും ആക്രമിച്ചേക്കും.

അവൾ അതിവേഗം പറന്ന് അങ്ങ് ദൂരെയുള്ള ദ്വീപിലെ മരക്കൊമ്പിൽ പോയിരുന്നു.

അങ്ങനെ ഇരിക്കുമ്പോഴാണ് ഒരു ആമ മരച്ചുവട്ടിലെത്തിയത്. അവൻ തലയുയർത്തി കൊക്കിനെ നോക്കി.

"ചങ്ങാതീ, നിങ്ങൾ പതിവായി ഇരിക്കാറുള്ള സ്ഥലത്തു നിന്ന് ഇങ്ങോട്ടു പൊന്നതെന്താ?" ആമയുടെ കുശലാന്വേഷണം.

ശബ്ദം കേട്ട് കൊക്ക് താഴേക്ക് നോക്കി. സന്തോഷത്തോടെ തലനീട്ടിയിരിക്കുന്ന ആമയെ കണ്ടപ്പോൾ പുറം കട്ടി കുടിയതാണെങ്കിലും മനസ്സിൽ സ്നേഹം ഉണ്ടെന്ന് കൊക്കിനു തോന്നി. അവൾ പറഞ്ഞു:

''സുഹൃത്തേ, ഞാനിരുന്ന സ്ഥലത്ത് കുറെ കഴുകന്മാർ വട്ടമിട്ട് പറക്കുന്നു. ആ ദുർമുഖം കാണേണ്ടെന്നു കരുതി ഇങ്ങോട്ടു പറന്നതാണ്."

"അപരിചിതമായ സ്ഥലത്ത് വന്നു പെട്ടാലുള്ള ബുദ്ധിമുട്ട് എനിക്ക് നന്നായി അറിയാം. ഇതു വരെ ഞാൻ നിങ്ങളെക്കുറിച്ച് കേട്ടിട്ടേയുള്ളൂ. ഇനി നമുക്ക് കൂടുതൽ പരിചയപ്പെടാം. നല്ല കുട്ടുകാരായി കഴിയാം." ആമ അറിയിച്ചു.

ആമയെ കൊക്ക് ഒന്നുകൂടി

നോക്കി. ഇവൻകുഴപ്പക്കാരന ല്ലെന്ന് തോന്നുന്നു. അവൾ മ രക്കൊമ്പിൽ നിന്ന് പറന്ന് ആ മയുടെ അടുത്തേക്ക് പറന്നിറ ങ്ങി ഇരുന്നു.

കൊക്ക് തുടർന്നു പറഞ്ഞു:

“നീ പറഞ്ഞത് ശരിയാണ്. സ്നേഹിതരില്ലാത്ത ജീവിതം വിരസമാണ്. കൂട്ടുകാരുമായു ള്ള സംഭാഷണം, ചിരി, തമാ ശകൾ ഇതെല്ലാമാണ് ജീവിത ത്തിനു നിറം പകരുന്നത്. ബു ദ്ധിയുള്ളവർ തങ്ങൾക്ക് ഇണ ങ്ങുന്നവരെ കൂട്ടുകാരായി ക ണ്ടെത്തുന്നു. എന്റെ കൂട്ടർക്ക് എന്നോട് അസൂയയാണ്. അ വർക്ക് മീൻപിടിക്കുന്നതിനെ ക്കുറിച്ചല്ലാതെ മറ്റൊന്നും പറ യാനില്ല. ഈ പ്രകൃതിയെക്കു റിച്ചോ നദികളെക്കുറിച്ചോ മര ങ്ങളെക്കുറിച്ചോ ഒന്നും അവർ ക്ക് പഠിക്കണമെന്നില്ല. അവ യൊന്നും ആസ്വദിക്കണമെന്നു മല്ല. ചിറകുകൾ ഉണ്ടെങ്കിലും ഉയരങ്ങളിലേക്ക് പറക്കാൻ അ വർ ശ്രമിക്കാറില്ല. വെള്ളത്തിൽ മുങ്ങിത്താഴാനാണ് അവർക്കി ഷ്ടം. അല്ലെങ്കിൽ നദിക്കരയിൽ ഒറ്റക്കാലിൽ നിന്ന് ഉറങ്ങും.”

കൊക്ക് പറഞ്ഞതെല്ലാം ആ മ ശ്രദ്ധയോടെ കേട്ടു. ആമ ഒ രു തത്വജ്ഞാനിയെപ്പോലെ പ റഞ്ഞു:

“ജീവിതത്തിൽ ധാരാളം സ്വ





# ഉമ്മ

അമ്മിഞ്ഞയൂട്ടി താരാട്ടുപാടി
ഉമ്മവെച്ചോമനിച്ചെന്റെയുമ്മ
കരഞ്ഞപ്പോൾ തൊട്ടിലിലാട്ടിയെന്നും
തേച്ചുകുളിപ്പിച്ചു എന്റെയുമ്മ
പിച്ച നടക്കാൻ കൊതിച്ചൊരെന്നെ
വീഴാതെ കാത്തതുമെന്റെയുമ്മ
കഥ ചൊല്ലി എന്നെ വളർത്തിയുമ്മ
നന്മകളെമ്പാടുമൂട്ടിയുമ്മ
തിന്മകൾ കണ്ടാൽ വിലക്കിയുമ്മ
വഴിയിൽ വെളിച്ചമായ് മിന്നിത്തിളങ്ങിയ
ഉമ്മയെനിക്കെന്നും നന്മമരം
നിങ്ങൾക്കുമങ്ങനെ തന്നെയല്ലേ


**അബ്ദുല്ല പേരാമ്പ്ര**

പ്നങ്ങൾ കാണണം. സ്വപ്ന സാക്ഷാൽക്കാരത്തിനു വേണ്ടി നന്നായി പണിയെടുക്കണം. ഓരോ അവസരവും ഉയർച്ചയ്ക്കായി പ്രയോജനപ്പെടുത്തണം. അവസരങ്ങൾ നാം സ്വയം സൃഷ്ടിക്കണം. നമുക്കു വേണ്ടി ആരും അവസരങ്ങൾ ഉണ്ടാക്കിത്തരാറില്ലല്ലോ. അങ്ങനെ ഉള്ളവർക്കേ ജീവിതത്തിൽ വിജയം കൈവരിക്കാനാകൂ."

ഇത്രയും കേട്ടപ്പോൾ നല്ലൊരു സുഹൃത്തിനെ കിട്ടിയ ആഹ്ലാദം കൊക്കിന്റെ ചുണ്ടുകളിൽ വിരിഞ്ഞു.


# കളിക്കളം

## വ്യത്യാസം കണ്ടുപിടിക്കൂ...




ചിത്രം എയും ബിയും തമ്മിലുള്ള 5 വ്യത്യാസങ്ങൾ കണ്ടെത്തൂ...

മിട്ടുമുയലിന് കാരറ്റ് കഴിക്കാൻ ആശ.
പക്ഷേ വഴി അറിയില്ല. കൂട്ടുകാർ സഹായിക്കാമോ ?



# നാണിയമ്മയും കൂട്ടുകാരും

**ദാവൂദ് പാനൂർ**

നാണിയമ്മയ്ക്ക് രണ്ട് തള്ളക്കോഴിയും ഒരു കുറിഞ്ഞിപ്പൂച്ചയുമുണ്ടായിരുന്നു. മക്കളൊന്നുമില്ലാതിരുന്ന അവർക്ക് ഭർത്താവ് മരിച്ചതിൽ പിന്നെ ഇവരാണു കൂട്ട്. ആ ഗ്രാമത്തിൽ ചെറിയൊരു വീട്ടിലാണ് നാണിയമ്മയും കോഴികളും പൂച്ചയും സസുഖം കഴിഞ്ഞിരുന്നത്. വീടിന്റെ ചുറ്റുഭാഗത്തും കപ്പയും ചേമ്പും ചേനയും വാഴയുമെല്ലാം നാണിയമ്മ കൃഷി ചെയ്തു പോന്നു. നല്ല വിളവും കിട്ടി. ചെറുപ്പം മുതലേ പറമ്പിൽ ജോലി ചെയ്തു ശീലിച്ചതു കൊണ്ട് നാണിയമ്മയ്ക്ക് ഇപ്പോഴും നല്ല ആരോഗ്യമുണ്ട്. മായം കലരാത്ത നല്ല നാടൻ ഭക്ഷണം കഴിക്കുന്നതു കൊണ്ട് അസുഖങ്ങളൊന്നും തന്നെയില്ല. പൂച്ച അടുത്തുള്ള തോട്ടിൽ പോയി മീൻ പിടിച്ചു വയർ നിറയ്ക്കും. മഴക്കാലമായതുകൊണ്ട് തോട്ടിൽ പലതരം മീനുകളുണ്ട്. മുകളിൽ പൊന്തി വരുന്ന മീനുകളെ ചാടിപിടിക്കാൻ പ്രത്യേക കഴിവാണ് കുറുഞ്ഞിപ്പൂച്ചയ്ക്ക്.

അങ്ങനെയിരിക്കെ എവിടെ നിന്നോ ഒരു നായ അവിടെ എത്തിപ്പെട്ടു. നാണിയമ്മയുടെ വീടിന്റെ മുൻപിൽ നായയെ കണ്ടതും തള്ളക്കോഴികൾ പറന്ന് പുരപ്പുറത്തു കയറി ഒച്ചയുണ്ടാക്കി. പൂച്ച ജാഗരൂകനായി നിന്നു. ശബ്ദം കേട്ട് നാണിയമ്മ പുറത്തു വന്നപ്പോൾ നായയെ കണ്ടു അവർക്ക് അലിവ് തോന്നി. വിശന്നൊട്ടിയ അതിന്റെ വയറു കണ്ട് നാണിയമ്മ ഭക്ഷണം കൊടുത്തു. ഭക്ഷണം മുഴുവനും അകത്താക്കിയ ശേഷം നായ വാലാട്ടി നന്ദി പ്രകടിപ്പിച്ചു. അപ്പോൾ തള്ളക്കോഴികൾ പരസ്പരം അടക്കം പറഞ്ഞു: “എവിടെ നിന്നോ വന്ന ഇവനെ നമ്മളെങ്ങനെ വിശ്വസിക്കും? അവനെ സൂക്ഷിക്കണം. പഴയതുപോലെ പുറ

ത്തിറങ്ങി നടക്കേണ്ട. അവന്റെ മേലിൽ എപ്പോഴുമൊരു കണ്ണു വേണം."

പക്ഷേ, നായ കോഴികളെ കണ്ട ഭാവം പോലും നടിച്ചില്ല. നാണിയമ്മ കൊടുക്കുന്ന ഭക്ഷണവും കഴിച്ച് വീടിന്റെ മുന്നിൽ തന്നെ കിടക്കും. ദിവസങ്ങൾ കഴിഞ്ഞിട്ടും തള്ളക്കോഴികൾ സംശയത്തോടെ മാത്രമേ നായയെ നോക്കിയിരുന്നുള്ളൂ.

ഒരു ദിവസം അതിരാവിലെ നായയുടെ നിർത്താതെയുള്ള കുര കേട്ട് നാണിയമ്മ വീടിനു പുറത്തിറങ്ങി നോക്കി. അപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. അങ്ങ് ദൂരെ ഉരുൾപൊട്ടി മഴവെള്ളം ആർത്തല

**നബിതങ്ങൾക്കു ശേഷം അവിടുത്തെ മാതൃകയിൽ ഭരണം നടത്തിയവരായിരുന്നു ഖുലഫാഉറാശിദുകൾ 1. അബൂബക്ർ(റ), 2. ഉമർ(റ), 3. ഉസ്മാൻ(റ), 4. അലി(റ) എന്നിവരാണ് 4 ഖലീഫമാർ**



ച്ചു വരുന്നു.

കാറ്റ് ആഞ്ഞുവീശുന്നു.

മരങ്ങൾ കടപുഴകി വീഴുന്നു. കോഴികൾ പറന്ന് പുരപ്പുറത്തു കയറി. പൂച്ചയെ അവിടെയെങ്ങും കണ്ടില്ല.

പെട്ടെന്നാണ് ആഞ്ഞുവീശിയ കാറ്റിൽ വീടിനടുത്തുള്ള ഒരു വൃക്ഷത്തിന്റെ ശിഖരം ഒടിഞ്ഞ് താഴേക്ക് പതിച്ചത്. വൃക്ഷത്തിൽ കയറിനിന്ന പൂച്ച താഴേക്ക് വീണു. പൂച്ചയുടെ കാൽ മരത്തിനടിയിൽ കുടുങ്ങിപ്പോയതു കണ്ട് നായ് ഓടിച്ചെന്ന് രക്ഷപ്പെടുത്താൻ ശ്രമിച്ചു. നാണിയമ്മ അപ്പോഴേക്കും സുരക്ഷിത സ്ഥാനത്തേക്ക് മാറിയിരുന്നു. സകല ശക്തിയും പ്രയോഗിച്ചു നായ പൂച്ചയെ രക്ഷപ്പെടുത്തി. അപ്പോഴേക്കും നായ ആർത്തലച്ചു വന്ന പ്രളയത്തിൽപ്പെട്ടു. ഒഴുകിപ്പോകുന്ന നായയെ നോക്കി കോഴികളും പൂച്ചയും കണ്ണീർ വാർത്തു. തങ്ങൾ മനസ്സിലാക്കാതെ പോയ നല്ലവനായ ആ നായ ഒരു പോറലു മേൽക്കാതെ തിരിച്ചു വരാൻ അവർ മൂവരും പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

# ജന്മവാസന

**തങ്കപ്രസാദ്. വി**

മേശപ്പുറത്തു നിന്ന് ഒരു പുസ്തകം താഴേക്കു വീണതു കണ്ട് കുഞ്ഞനുറുമ്പ് ഞെട്ടിപ്പോയി. നിലത്തു കൂടെ ഇഴഞ്ഞു പോവുകയായിരുന്നു കുഞ്ഞനുറുമ്പ്.

ഹാവൂ രക്ഷപ്പെട്ടു. കുഞ്ഞനുറുമ്പ് ആശ്വസിച്ചു.



അപ്പോഴതാ പുസ്തകം തനിയെ അനങ്ങുന്നു. ഇതെന്തു കഥ! കുഞ്ഞനുറുമ്പ് അൽപം ഭയത്തോടെ പുസ്തകത്തിന്നരികിൽ ചെന്നു. ഒരു ചിതലച്ചൻ പുസ്തകത്തിന്റെ ഉള്ളിൽ നിന്ന് ഇറങ്ങി വരുന്നതവൻ കണ്ടു.

“ഇതെന്താ ചിതലച്ചാ പുസ്തകത്തിനകത്ത് ജോലി?”

“ഹേയ്, ഒന്നുമില്ല കുഞ്ഞനുറുമ്പേ, ഞാനൽപം ജ്ഞാനം ഭക്ഷിക്കാൻ കയറിയതാ.”

"എന്നിട്ട് എങ്ങനെയുണ്ട് ജ്ഞാനം?" കുഞ്ഞനുറുമ്പ് ചോദിച്ചു.

"ഓ, ഒന്നും പറയേണ്ടെന്റെ കുഞ്ഞാ, വല്ലാത്ത കയ്പ്, ഒരു രുചിയുമില്ല. നീയും വാ. അൽപം ജ്ഞാനം ഭക്ഷിച്ചു നോക്ക്."


ചിതലച്ഛൻ കുഞ്ഞനുറുമ്പിനെ ക്ഷണിച്ചു.

"ശരി, ഞാനുമൽപം ഭക്ഷിക്കാം."

"ഹായ് നല്ല മധുരം, അതിമധുരം." കുഞ്ഞനുറുമ്പിന്റെ മറുപടി.

"മധുരമോ, പക്ഷേ എനിക്ക് കയ്പ്പായാണല്ലോ തോന്നിയത്." ചിതലച്ഛൻ പറഞ്ഞു.

അതിനു കുഞ്ഞനുറുമ്പിന്റെ മറുപടി ഇങ്ങനെയായിരുന്നു: "ചിതലച്ഛാ, ജ്ഞാനം നമ്മൾ പകർത്തുകയും പകരുകയും മാത്രമേ ചെയ്യാവൂ. തിന്നു നശിപ്പിക്കരുത്. വരും തലമുറയ്ക്കും അതു വേണം. അതു തിന്നുകയല്ല, രുചിക്കുകയാണു വേണ്ടത്." ഇങ്ങനെ പറഞ്ഞ് കുഞ്ഞനുറുമ്പ് നടന്നു നീങ്ങി. കുഞ്ഞനുറുമ്പിന്റെ വാക്കുകൾ കേട്ട് ചിതൽ ലജ്ജിച്ചു തലതാഴ്ത്തി.



കുഞ്ഞനുറുമ്പ് പുസ്തകത്തിനകത്ത് കയറി. അൽപം കഴിഞ്ഞ് പുറത്തുവന്നു.

"എങ്ങനെയുണ്ട് ജ്ഞാനം?" ചിതലച്ഛൻ ചോദിച്ചു.

# ഹിജ്റ - ക്വിസ്

**അബൂ ലിയാന**

1. മദീനയിലേക്ക് ആദ്യമായി തന്റെ പ്രതിനിധിയായി നബി(സ) അയച്ചത് ആരെ?

2. മുസ്‌ലിംകളുടെ പലായനം തടയുവാനും മുഹമ്മദ് നബി(സ)യുടെ പ്രബോധനം അവസാനിപ്പിക്കുവാനും ഖുറൈശികൾ യോഗം ചേർന്നത് എവിടെ?

3. ഹിജ്റ പോകുമ്പോൾ അമാനത്ത് സ്വത്തുക്കൾ കൊടുത്തു വീട്ടുവാൻ തിരുനബി(സ) ഏൽപിച്ചത് ആരെ?

4. ഹിജ്റയിൽ നബിതങ്ങളുടെ കൂട്ടാളി ആരായിരുന്നു?

5. നബി(സ)യെയും അബൂബക്കർ(റ)നെയും പിടികൂടുന്നവർക്ക് ഖുറൈശികൾ പ്രഖ്യാപിച്ച സമ്മാനം എന്തായിരുന്നു?

6. എന്നാണ് നബി(സ)യും സിദ്ദീഖ്(റ)യും ഹിജ്റ ആരംഭിച്ചത്?

7. എത്ര ദിവസമാണ് നബി(സ)യും സിദ്ദീഖ്(റ)യും ഗുഹയിൽ താമസിച്ചത്?

8. സൗർ ഗുഹയിലേക്ക് നാട്ടിലെ വാർത്തകൾ എത്തിച്ചുകൊടുക്കാൻ നബി(സ) ചുമതലപ്പെടുത്തിയത് ആരെ?

9. സൗർഗുഹയിലേക്ക് പാൽ എത്തിക്കാൻ ചുമതലപ്പെടുത്തിയത് ആ



രെ?

10. നബി(സ)യുടെ ഹിജ്റയിലെ വഴികാട്ടി ആരായിരുന്നു?

11. യാത്രാമധ്യേ നബി(സ)യെയും അബൂബകർ(റ)വിനെയും കണ്ടെത്തിയ ഖുറൈശി ആര്?

12. ഖുബാഇൽ നബി(സ) താമസിച്ചത് ആരുടെ വീട്ടിലായിരുന്നു?

13. ഖുബാഇൽ തിരുനബി(സ) എന്താണ് നിർമ്മിച്ചത്?

14. മദീനയിൽ ആരുടെ വീടാണ് തിരുനബി(സ) വിശ്രമത്തിന്നായി തെരഞ്ഞെടുത്തത്?

15. ആരുടെ ഭവനത്തിലായിരുന്നു സിദ്ദീഖ്(റ)വിന്റെ താമസം?

## ഉത്തരങ്ങൾ

1. മുസ്അബ് (റ)വിനെ, 2. ദാറുന്നദ്‌വയിൽ, 3. അലി(റ)വിനെ, 4. അബൂബക്കർ സിദ്ദീഖ്(റ), 5. 100 ഒട്ടകം, 6. നുബുവ്വത്തിന്റെ 13–ാം വർഷം സഫർ 27ന്, 7. 3 ദിവസം, 8. സിദ്ദീഖ്(റ)വിന്റെ മകൻ അബ്ദുല്ലയെ, 9. ആമിറുബ്നു ഫുഹൈറയെ, 10. അബ്ദുല്ലാഹിബ്നു അരീഖത്ത്, 11. സുറാഖതുബ്നു മാലിക്, 12. ബനൂ അംറുബ്നു ഔഫിന്റെ വീട്ടിൽ, 13. മസ്ജിദുൽ ഖുബാ, 14. അബൂ അയ്യൂബിൽ അൻസാരി(റ)വിന്റെ, 15. ഖുബൈബ് ഇബ്നു ഇസാഫിന്റെ ഭവനത്തിൽ






# VOCASCAPE

**Dr Abdul Latheef V**

The usual method of forming plurals of naming words in English is by adding 's' or 'es' to the end.

Study the given words in **Column A** and write their plural forms in **Column B.** You may use a dictionary if you are unsure about 's' or 'es'.

| Column A | Column B |
| --- | --- |
| 1.bag | a)...................................... |
| 2.match | b)...................................... |
| 3.glass | c)...................................... |
| 4.page | d)...................................... |
| 5.bangle | e)...................................... |
| 6.bus | f)...................................... |

# Curious & Catchy Words

## Tomboy

You might have seen numerous boys and girls in your school life. You might have formed close friendships with a few of them. Have you seen girls who behave like boys and like things and activities often loved by boys? In English, there is a word to refer to such *girls who enjoy activities and games that are traditionally considered to be for boys. It is* ***tomboy****.*


- *Ayisha gets angry when others say that she is a* ***tomboy.***
- *In the film, she had to play the character of a* ***tomboy.***

## Kidult

Have you seen grown-up boys or girls who behave like children and like things which are usually not loved by a person of their age? In other words, they are adults but behave like kids. In English, the word used to refer to *an adult who likes doing or buying things that are usually thought more suitable for children* is **Kidult.** It is made by blending **kid** and **-ult** from *adult*.

- *Whenever I ask for something very silly, my mother says: "stop being be a* ***kidult****"*
- *One of my distant relatives is a* ***kidult****.*


Master Imitable
Hi, Uncle Assalamu alikum. How's it going
Hi, Riswan Valaikumussalam going as usual.
What's up with you, dear ?
I'm afraid life's being very boring.
What's wrong with your life?
To say it in plain English, no friends, no school, no outing and what not
Don't be so gloomy. You are close to my heart.
So are you to me.
How about fishing and swimming in the pond?
Interesting but I don't know how to...
Take your time


I'm not a swimmer but I feel I can
But I'm good at fishing!
...that matches up each other
Did you mean a good swimmer with a poor fisher?
Well. What shall we start with?
I would suggest fishing.
That sounds perfect. But you should teach me how to...
Yay! I can be your teacher for this.
My dear 'student', let's get going home.
Why my 'teacher'?
We need to get fishing tools.
It seems to be exciting...

STORY LINE

# An old lady who knew it late

It was a hot day in the desert. The Prophet (SA) was passing through the burning sand, he saw an old woman struggling to walk along with a heavy luggage on her head. The Prophet (SA) approached her and offered his helping hand to carry the luggage to the intended destination. The woman felt so much relieved and was much glad to accept the offer.

As they were walking along, the prophet (SA) asked a few questions.

"Where are you heading



to?”

“What made you leave this town?”

The old woman said. “There has come a magician named Muhammed in the town and he is asking people to reject the beliefs and practices we have been upholding till now”

“I don't want to live in a town where he stays”. “That's why I leave my place of birth though I don't want to”

The Prophet (SA) paid close attention to words and showed no sign of anger or displeasure on his face. Nor did he give any answer in reply.

While walking and talking with the Prophet (SA), the old lady could learn that there was visible humbleness on the young man's face and a great charm beautified his smiles. She also noticed that the sweat in his body emitted fragrance!

When they reached the desired location, the old lady gave a piece of advice to the Prophet (SA)

“Oh kind young man, please keep away from that magician”. “He may trap you too”

The Prophet (SA) kept mum and was about to leave without telling a word.

The lady then said, “O young and kind man, you have very politely listened to everything I spoke so far. You didn't give me anything in reply! Could you tell me at least your name?”

Keeping the same humility and pleasant face, the Prophet said, “I'm the person because of whom you have left the town”.

The old lady was shocked to hear the news. “What I heard people say about you is a big fat lie. I could understand it first-hand”.

“You can be neither a magician nor a liar. I too believe in what you preach. I don't want to escape from the town where you live”. Thus, she accepted Islam.■

## WORD HUNT

The habit of reading stories in English can improve your word power a lot. When the stories are from the lives of the prophets, they teach us lasting moral lessons. As children, we have to develop this habit. As you read on, think of the moral of the story, pay attention to new words and expressions used, and try to guess their meanings from the context.

**Find out correct synonyms from the story for the given words**

| Words | Synonyms from the story |
|---|---|
| baggage | |
| happy | |
| refuse | |
| good smell | |
| response | |
| directly | |

## GO IDIOMATIC

*Idioms are part of all languages and they are connected to the culture and social background of the speakers. Their meanings are different from those of the individual words*. Using idioms in your English makes it colourful and stylish.

**Trace the idioms from the story for the following words.**

1. *To say nothing about something:*

   ..............................................................................

2. *Listen carefully*

   ..............................................................................




പ്രിയപ്പെട്ട ചങ്ങാതീ, ഞങ്ങൾക്കേറ്റവും പ്രിയപ്പെട്ട സുഹൃത്താണു നീ. കാരണം അറിവാകുന്ന നിധി നീ ഞങ്ങൾക്കു തരുന്നു. കൂടാതെ മണ്ടപ്പനും വാലപ്പനും സഫറും സൽമാനുമൊക്കെ നിന്റെ വീട്ടുകാരല്ലേ. പ്രോബ്ലം ഫ്രണ്ട്സും മണ്ടപ്പന്മാരും ചിരിപ്പിക്കുന്ന കഥകളാണ്. സഫറിന്റെ നന്മനിറഞ്ഞ ഉപദേശങ്ങൾ ഞങ്ങൾക്ക് ജീവിതത്തിൽ പകർത്താനുള്ളതാണ്.

പ്രതീക്ഷയോടെ,

**ഇർശാദ്. പി കളൻതോട്**



അറിവിന്റെ നിറവെളിച്ചം പകരുന്ന കുസുമത്തിന് അഭിവാദ്യങ്ങൾ...

ഒരുപാട് വിഭവങ്ങളുമായി എല്ലാമാസവും വിരുന്നു വരുന്ന കുസുമം ഞങ്ങളുടെ വഴികാട്ടിയാണ്. കഥയിലൂടെ ഉപകാരമുള്ള അറിവുകൾ തരുന്ന സഫർ, സ്കൂളിലെയും മദ്റസയിലെയും വിശേഷങ്ങളുമായി വരുന്ന കുഞ്ഞുമോൻ, തരികിടകളുമായി ജയിച്ചടക്കുന്ന മണ്ടപ്പൻ, വാലപ്പന്മാർ, ഹീറോ ആയ സി.ഐ.ഡി സൽമാൻ, ജംഗിൾ ഫൺ, പി



ന്നെ അവുക്കുവിന്റെ വിശേഷങ്ങളുള്ള നോവൽ... എല്ലാം ഒന്നിനൊന്നു മെച്ചം തന്നെ. ഇനിയും ഒരുപാട് കഥകളും കവിതകളുമായി നീ വരുന്നതും കാത്തിരിക്കുന്നു.

കുസുമത്തിനും അണിയറ പ്രവർത്തകർക്കും എല്ലാവിധ ആശംസകളും അറിയിക്കുന്നു. സ്നേഹത്തോടെ....

**ലിയാന ഫാത്തിമ. അൽ ഇർശാദ് സ്കൂൾ തൃപ്പനച്ചി**



അർശദ്. എ.കെ, പാലാണി
വേങ്ങര, ഇരിങ്ങല്ലൂർ



ഫാത്തിമ ഹുസ്ന
ഫാറൂഖിയ്യ സുന്നി മദ്റസ, പാലക്കാപറമ്പ്



മുഹമ്മദ് ഫഹിൻ. എസ്
ക്ലാസ് - 3, കൊല്ലങ്കോട്
അനസുബ്നു മാലിക് മദ്റസ



അബ്ദുൽ അനസ്
ഹയാത്തുൽ ഇസ്‌ലാം മദ്റസ കൂനംപാലം





മുഹമ്മദ് റസൽ കെ.എ
ക്ലാസ് - 5
ഇസ്സത്തുൽ ഇസ്‌ലാം മദ്റസ



മുഹമ്മദ് സിനാൻ
നൂറുൽ ഇസ്‌ലാം സുന്നി മദ്റസ
ചട്ടിപ്പറമ്പ്, ചേങ്ങോട്ടൂർ





റിൻഷ ഫാത്തിമ
ക്ലാസ് - 4നൂറുൽ ഇസ്‌ലാം മദ്റസ
കാപ്പംകൊല്ലി



മുഹമ്മദ് ഹാദി അസ് ലം എ.കെ
ജി.എൽ.പി സ്കൂൾ എടക്കാപറമ്പ്
കണ്ണമംഗലം



അഷിഫ് ശെഹീർ എസ്
ക്ലാസ് - 4, നൂറുൽ ഇസ്‌ലാം മദ്റസ



ശഹദിയ ഫാത്തിമ. എസ്
ക്ലാസ് - 3 ഹയാത്തുൽ ഇസ്‌ലാം മദ്റസ
കുനഃപാലം, പാട്ടഗിരി



ദിൽന എ.പി
ക്ലാസ് - 5
ഹസനിയ്യ അൽ ഇസ്‌ലാമിയ്യ, പള്ളിശ്ശേരി



മുഹമ്മദ് സുഫ്‌യാൻ ടി.പി
ക്ലാസ് - 2
റഹ്മാനിയ്യ സുന്നി മദ്റസ - ചെറുപുത്തൂർ

***ചിത്രങ്ങൾ തപാൽവഴി മാത്രം അയക്കുക***




PRINTED AND PUBLISHED BY **P. KUNHAMMED KLARI** SAMASTHA ISLAMIC CENTRE, CALICUT - 673 006, PRINTED AT : GEETHANJALI OFFSET PRESS, CALICUT. HONORARY CHIEF EDITOR : **MUHAMMED PARANNUR**